# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.6 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 JUNE

e-paper : vedabhimani


## ക്രിസ്തുവിന്റെ പാനപാത്രം



ക്രിസ്തുവിന്റെ പാനപാത്രം സ്പെയിനിൽ കണ്ടെത്തി എന്ന് അവകാശപ്പെട്ട് രണ്ടു ചരിത്രഗവേഷകർ രംഗത്തെത്തി. 11-ാം നൂറ്റാണ്ടിലെ രാജ്ഞി യുറാക്കായുടെ ശേഖരത്തിൽനിന്നാണു പാനപാത്രത്തെ തിരിച്ചറിഞ്ഞതെന്നു മാറഗരീത്താ ടോറസ്, ജോസ് ഒർടിസേ എന്നിവർ അവകാശപ്പെട്ടു.

ബി.സി. 200നും 100നും മധ്യേയാണു പാനപാത്രം നിർമിച്ചതെന്നാണ് ഇവർ പറയുന്നത്. അറബി ഭാഷയിൽ തയാറാക്കപ്പെട്ട രേഖയാണു പാനപാത്രത്തിന്റെ യാത്ര വിശദീകരിക്കാൻ ഇവർ ഉപയോഗിക്കുന്നത്. ജറുശലേം മുസ്ലീം സമുദായത്തിന്റെ പിടിയിലായപ്പോഴാണു പാനപാത്രം അപ്രത്യക്ഷമായത്. മുസ്ലീം പോരാളികൾ ഇതു ഈജിപ്തിലെ ക്രിസ്ത്യാനികൾക്കു സമ്മാനിക്കുകയായിരുന്നത്രേ. ഈജിപ്തിലെ ഭരണാധികാരികളാണു പാനപാത്രത്തിൽ സ്വർണവും മരതകവും ചേർത്ത് അലങ്കരിച്ചത്.

1050ൽ പാനപാത്രം സ്പെയിനിലെ ഫെർനാൻഡോ ഒന്നാമന്റെ പക്കലെത്തി. പിന്നീട് ബസിലിക്കയിലേക്കു മാറി. 1950-ൽ പാനപാത്രം മ്യൂസിയത്തിനു കൈമാറിയതിനെ തുടർന്നാണ് അന്വേഷണം നടന്നതെന്നു ലിയോൺ സർവകലാശാലയിലെ ചരിത്രഭാഗം പ്രൊഫസറായ ടോറസ് പറയുന്നു.

ക്രിസ്തു ഇങ്ങനെയൊരു പാനപാത്രം ഉപയോഗിച്ചിരുന്നോ? തട്ടിപ്പിനും ചൂഷണത്തിനുമായി ഒരു വിശുദ്ധ വസ്തുവാക്കി മാറ്റാനുള്ള തന്ത്രമല്ലേ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## നോഹയുടെ പെട്ടകം



ബൈബിളിലെ ഉൽപ്പത്തി പുസ്തകം ആറാം അധ്യായത്തിൽ ദൈവം നോഹയോട് പ്രളയത്തെ അതിജീവിക്കാൻ പെട്ടകമുണ്ടാക്കാൻ നിർദേശിക്കുന്നുണ്ട്. മുന്നൂറു മുഴം നീളവും 50 മുഴം വീതിയും 30 മുഴം ഉയരവും ഉള്ള പെട്ടകമാണ് നോഹയോട് നിർമ്മിക്കാൻ ആവശ്യപ്പെട്ടത്. നോഹയ്ക്കും കുടുംബത്തിനും അന്നുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളുടെയും ഓരോ ജോഡിക്കും പെട്ടകത്തിൽ കഴിയണമായിരുന്നു. ഈ അളവുകളുള്ള പെട്ടകത്തിൽ അത് സാധ്യമാണോ?

ലെസ്റ്റർ സർവ്വകലാശാലയിലെ ഏതാനും വിദ്യാർത്ഥികൾക്കാണ് ഈ സംശയം ജനിച്ചത്. അവർ വെറുതെയിരുന്നില്ല അപ്പോൾ തന്നെ പരീക്ഷണവും ആരംഭിച്ചു. അത്ഭുതമെന്നു പറയട്ടെ, അവരുടെ കണ്ടെത്തൽ അമ്പരിപ്പിക്കുന്നതാണ്. നോഹയുടെ പെട്ടകത്തിൽ അത്രയും ജീവജാലങ്ങൾക്ക് കഴിയുവാൻ സാധിക്കുമായിരുന്നുവെന്ന് തത്വത്തിൽ അവർ തെളിയിച്ചു. ബൈബിൾ ശാസ്ത്രീയമായി കൃത്യത പുലർത്തുന്നുവെന്ന് വീണ്ടും തെളിയിക്കപ്പെട്ടിരിക്കുന്നു. നോഹയുടെ പെട്ടകത്തിന്റെ അളവുകൾ സാങ്കേതികമായി കൃത്യത പുലർത്തുന്നതായി കാണാം.

ദി ജനിസിസ് ഫ്ളഡ് എന്ന പുസ്തകത്തെ ആധാരമാക്കിയാണ് വിദ്യാർത്ഥികൾ ഗവേഷണം നടത്തിയത്. അതിൽ പറയുന്നതനുസരിച്ച് ഏകദേശം 35000 തരം ജീവജാലങ്ങളെയാണ് നോഹയ്ക്ക് സംരക്ഷിക്കേണ്ടിയിരുന്നത്. അവയുടെ ഓരോന്നിന്റെയും ശരാശരി ഭാരം ഒരു ചെമ്മരിയാടിന്റേതാണെന്നും (23.47 കി.ഗ്രാം) അവർ അനുമാനിച്ചു. കണക്കുകൾ അനുസരിച്ച് ആ പെട്ടകത്തിന് 2.15 ദശലക്ഷം ചെമ്മരിയാടുകളുടെ ഭാരം താങ്ങാനാകുന്നെന്നാണ് അവർ കണ്ടെത്തിയത്. പരീക്ഷണത്തിനായി നിരവധി വെല്ലുവിളികളാണ് ഇവർക്ക് നേരിടേണ്ടി വന്നത്. ബൈബിളിൽ പെട്ടകത്തിന്റെ അളവ് പറഞ്ഞിരിക്കുന്നത് മുഴത്തിലാണ്. അതല്ല ഇന്ന് ശാസ്ത്രീയമായി ഉപയോഗിക്കുന്നത്. ഗോഫർ തടികൊണ്ട് പെട്ടകമുണ്ടാക്കാനായിരുന്നു നോഹയ്ക്ക് കിട്ടിയ നിർദേശം. ആ തടിയുടെ സാന്ദ്രത അറിയുവാൻ അവർക്ക് നിർവാഹമില്ലായിരുന്നു. പകരം ബൈബിളിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ പറഞ്ഞിരിക്കുന്ന സൈപ്രസ് തടിയുടെ സാന്ദ്രതയാണ് കണക്കാക്കിയത്.

പെട്ടകം സമുദ്രതലത്തിൽ താഴേക്ക് പ്രയോഗിക്കുന്ന ശക്തിയാണ് അടുത്തതായി അവർക്ക് അളക്കേണ്ടിയിരുന്നത്. അതിന് അതിലുണ്ടായിരുന്ന മൃഗങ്ങളുടെ ഭാരം അറിയണം. അത് ഒരു ചെമ്മരിയാടിന്റെ ശരാശരി ഭാരമെന്ന് നേരത്തേ ഗവേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇതൊക്കെ അതിജീവിച്ചപ്പോൾ കണക്കുകൾ തെളിയിക്കുന്നത് നോഹയുടെ പെട്ടകം പ്രായോഗികമായിരുന്നു എന്നാണ്.

## മരം വീണു പക്ഷെ എഴുന്നേറ്റു

കഴിഞ്ഞ ഡിസംബറിൽ കടപുഴകിവീണ മരം പൂർവസ്ഥിതി പ്രാപിച്ചത് ബ്രിട്ടീഷുകാർക്ക് അത്ഭുതമായി. കെന്റിലെ ചിഡ്ഡിംഗ്സ്റ്റോണിലെ 40 അടി ഉയരമുള്ള ഫിർ മരമാണു പൂർവസ്ഥിതി പ്രാപിച്ചത്. കഴിഞ്ഞ ഡിസംബർ 23നാണു മരം വീണതെന്നു സമീപവാസിയായ ഡോണ ബ്രുക്സ്നെർ റാൻഡൽ പറഞ്ഞു. കനത്ത കാറ്റിലാണു മരം നിലംപതിച്ചത്.



പിന്നീടുണ്ടായ കനത്ത മഴയാണു മരത്തിന് ആദ്യ പ്രതീക്ഷകൾ നൽകിയത്. ചെളിക്കുള്ളിൽ വേരുകൾ ഉറച്ചു. കഴിഞ്ഞ ഫെബ്രുവരി ഒന്നിന് ഉണ്ടായ കനത്ത കാറ്റാണു മരത്തെ ഉയർത്തിയത്. ഈ വിശദീകരണത്തെപ്പോലും അത്ഭുതത്തോടെയാണു ശാസ്ത്രലോകം കാണുന്നത്. മരത്തിന്റെ വേരും മുകൾഭാഗവുമായുള്ള ഭാരക്രമീകരണത്തിലെ പ്രത്യേകതയാണു മരത്തിന്റെ തിരിച്ചുവരവിനു കാരണമെന്നു വിദഗ്ധനായ റിച്ചാർഡ് ആർനോൾഡ് പറഞ്ഞു.

## ധരിക്കാനുള്ള ബുക്ക് തയാർ!

അക്ഷരങ്ങളെ ഇനി ധരിച്ചറിയാം. മസാചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി)യിലെ ഗവേഷകരാണു ധരിക്കാവുന്ന പുസ്തകത്തിനു പിന്നിൽ. 150 എൽ.ഇ.ഡി. ബൾബുകളുടെയും സെൻസറുകളുടെയും സഹായത്തോടെയാകും ദ ഗേൾ വോൾ പ്ലഗ്ഡ് ഇൻ എന്ന പുസ്തകം "പ്രവർത്തിക്കുക."

എൽ.ഇ.ഡി. ബൾബുകളുടെ സഹായത്തോടെ പുസ്തകം വായിക്കാം. കഥാപാത്രത്തിനു കൊടുംചൂട് അനുഭവപ്പെടുമ്പോൾ ഉടുപ്പിനുള്ളിലെ താപനിലയും കൂടും. സംഘർഷം വിവരിക്കുമ്പോൾ ഉടുപ്പിനുള്ളിലുള്ള പ്രഷർ ബാഗുകൾ പ്രവർത്തനം തുടങ്ങും. വായക്കാരന്റെ നെഞ്ചിലും "ടെൻഷൻ" എത്തും. ജെയിംസ് ടിപ്ട്രീയുടെ കഥയെ വായിച്ച് അറിയാനുള്ള അവസരമാണു ഒരുങ്ങിയിരിക്കുന്നത്.



## നദിയെത്തി; ഇസ്രായേലിൽ ആഘോഷം

മരുഭൂമിയിലൂടെ കുത്തിയൊഴുകി വരുന്ന സിൻ നദി. ഇസ്രയേലികൾക്ക് ഇത് ആഹ്ലാദത്തിന്റെ നിമിഷം.

നാലു നൂറ്റാണ്ടിനുശേഷമാണ് സിൻ നദി നെഗേവ് മരുഭൂമിയിൽ മടങ്ങിയെത്തിയത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്ത മഴയാണു നദിയുടെ പുനഃസൃഷ്ടിക്കു വഴിതെളിച്ചത്.





നെഗേവ് എന്ന ഹീബ്രു പദത്തിനു ''വരണ്ടത്'' എന്നാണർത്ഥം. അബ്രഹാം നെഗേവ് മരുഭൂമിയിലൂടെ സഞ്ചരിച്ചതിനെക്കുറിച്ചു ബൈബിളിൽ പരാമർശമുണ്ട്. മോശയും നെഗേവ് കടന്നിട്ടുണ്ട്. നെഗേവിലെ പ്രധാനകേന്ദ്രങ്ങളിലൊന്നായിരുന്നു ബേർശേബ. സിൻ നദി മരുഭൂമിയുടെ അതിർത്തിയായയാണു കണക്കാക്കിയിരുന്നത്.

മഴ ഇപ്പോഴത്തെ രീതിയിൽ തുടർന്നാൽ സിൻ നദി കൂടുതൽ കരുത്താർജിക്കുമെന്നാണു ഗവേഷകർ പറയുന്നത്.

ചാവുകടലിലാണു സിൻ അവസാനിക്കുന്നത്. നദിയുടെ പുനർജന്മം ചാവുകടലിനു അനുഗ്രഹമാകുമെന്നാണു സൂചന.

## ഒരാൾ ഇരിക്കും. ഒരാൾ പറക്കും.

ഈ ചിത്രത്തിൽ കാണുന്ന മൊട്ടകൾ ഇരട്ടകളാണ്. ഇതിൽ ഒരാൾ പറക്കും, ഒരാൾ ഇരിക്കും. മനസ്സിലായില്ല അല്ലേ? സ്കോട്ട് കെല്ലി, മാർക് കെല്ലി എന്നിവരാണ് ഇവർ. നാസയുടെ ബഹിരാകാശ പരീക്ഷണങ്ങളുടെ ഭാഗമായി ഇവരിൽ ഒരാൾ മാനത്തേക്ക് പറക്കും. ബഹിരാകാശ നിലയത്തിൽ ഭാരരഹിതാവസ്ഥയിൽ അയാൾ നിരീക്ഷണവിധേയനാകും. മറ്റൊരാൾ നിരീക്ഷണകേന്ദ്രത്തിലെ പ്രത്യേക മുറിയിൽ പഠനത്തിലാകും. ഇവരുടെ ശാരീരിക മാനസിക പെരുമാറ്റ രീതികളെല്ലാം പഠനവിധേയമാക്കും.




| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# കുടിയിറങ്ങുന്ന മൂല്യങ്ങൾ

**കാ**ലചക്രത്തെ റിവേഴ്സ്ഗിയറിൽ കറക്കാനാണ് നാം ശ്രമിക്കുന്നത്. ഇതിനിടയിൽ, ആശാസ്യകരമല്ലാത്ത പലതും നമ്മേ വിഴുങ്ങാൻ തുടങ്ങുന്നു. ഇവിടെ ഒരു വിരോധാഭാസമുണ്ട് - നാം ഭൗതികമായി പുരോഗമിക്കുമ്പോഴാണ് സാമൂഹ്യമായി പിന്നോക്കം പോകുന്നത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വിവരസാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യം, തുടങ്ങിയ നാനാമേഖലകളിൽ നാം കൈവരിച്ചനേട്ടം എത്രയോ വലുതാണ്. എന്നാൽ, മറുവശത്ത് സമൂഹം ജീർണ്ണിച്ചും വരുന്നു. സാമൂഹ്യബന്ധങ്ങളുടെ ശൈഥില്യവും, അസ്തമിക്കുന്ന സാമൂഹ്യാവബോധവും, ധനാർജനത്തിനായുള്ള പരക്കം പാച്ചിലും, വളർന്നുവരുന്ന വർഗീയതയും, പൊതുമണ്ഡലത്തിന്റെ തകർച്ചയുമൊക്കെ ചേർന്ന് വർത്തമാനകാല കേരള സമൂഹത്തെ മലീമസമാക്കുന്നു.

അസ്തമിക്കുന്ന സാമൂഹ്യാവബോധവും ബന്ധങ്ങളും വികസനകുതിപ്പിന്റെ നടുവിൽ കഴിയുന്ന മലയാളിക്ക് കൈമോശം വന്നിരിക്കുന്ന ഏറ്റവും വലിയ സമ്പത്താണ്. സാമൂഹ്യാവബോധവും സാമൂഹ്യബന്ധങ്ങളും സുഹൃത്തുക്കളും അയൽക്കാർ പോലും ഇല്ലാത്ത ലോകത്താണ് നാം ജീവിക്കുന്നത്. നമുക്ക് നാം മാത്രം. ഓരോ മലയാളിയും താൻ മാത്രമുള്ള സാമ്രാജ്യത്തിലെ സാമ്രാട്ടാണ്. എന്നിൽ നിന്ന് എന്നിലേക്ക് എത്ര ദൂരമുണ്ട് എന്ന് കുഞ്ഞുണ്ണിമാഷ് ചോദിച്ചത് ഒരുകാലത്ത് എത്ര അർത്ഥവത്തായിരുന്നു. എന്നാൽ ഇന്ന് അദ്ദേഹത്തിന്റെ ഈ ചോദ്യത്തെ തന്നെ അപ്രസക്തമാക്കിക്കൊണ്ടാണ് നാം മുന്നേറുന്നത്! എന്നിൽ നിന്ന് എന്നിലേക്ക് ഒരു ദൂരവുമില്ല. ഉള്ളിലെ എന്നെതന്നെയാണ് പുറത്തും കാണിക്കുന്നത്, യാതൊരുളുപ്പും ഇല്ലാതെ. മുൻപ്, സമൂഹത്തെ ഭയന്നിട്ടാണെങ്കിലും, സ്വന്തം സ്വാർത്ഥതയ്ക്കും കാപട്യത്തിനും ഒരു മറ ഉണ്ടായിരുന്നു എന്ന് സാരം. ഇന്ന് അതും ഇല്ലാതായി. താനും ഏറിവന്നാൽ സ്വന്തം കുടുംബവുമാണ് അയാളുടെ പ്രപഞ്ചം. ആരും ആർക്കുവേണ്ടിയും ഒന്നും ത്യജിക്കുന്നില്ല. സ്വന്തം കുട്ടികളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുന്ന മധ്യവർഗ സംസ്കാരത്തിൽ ത്യജിക്കാനുള്ള സ്പേയ്സ് ഇല്ലെന്നതാണ് വസ്തുത. ഇതാണ് പ്രശ്നം.

സമൂഹനിർമ്മിതിയുടെ മാത്രം പ്രശ്നമല്ല ഇതിൽ അന്തർലീനമായിരിക്കുന്നത്. വൈകാരിക പാലനത്തിന്റേതായൊരു തലവുമുണ്ട്. സ്നേഹം, സഹാനുഭൂതി, സങ്കടം, വിഷമം തുടങ്ങിയ വികാരങ്ങളിലൂടെ കടന്നു പോകാൻ മനുഷ്യനെ പ്രാപ്തമാക്കുന്നത് ത്യാഗസന്നദ്ധത ഉണ്ടാവുമ്പോഴാണ്. സാമൂഹ്യബന്ധങ്ങൾ അറ്റുപോകുമ്പോൾ നഷ്ടമാകുന്നത് ഇത്തരം കാര്യങ്ങളാണ്.

ബന്ധങ്ങൾ അറ്റുപോകുമ്പോഴാണ് അവബോധം ഇല്ലാതാവുന്നത്. സാമൂഹ്യജീവിതത്തിൽ ഇത് പ്രത്യേകിച്ചും അങ്ങനെയാണ്. ബോധം ഉണ്ടാവണമെങ്കിൽ അഥവാ സമൂഹം എന്താണെന്ന് മനസിലാകണമെങ്കിൽ, സാമൂഹ്യപ്രശ്നങ്ങളിൽ സക്രിയമായി ഇടപെടേണ്ടത് ആവശ്യമാണ് . ഇനി ഇതിന് പരിമിതി ഉണ്ടെങ്കിൽ അത്തരം പ്രശ്നങ്ങൾ മനസിലാക്കാനെങ്കിലും ശ്രമിക്കേണ്ടതുണ്ട്. ഒരു ശരാശരി മധ്യവർഗ മലയാളിയുടെ ജീവിതചര്യ ഇതിനൊന്നും സാധ്യമാവാൻ പറ്റാത്തവിധമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. കുടുംബം-ഓഫിസ്-ടെലിവിഷൻ-ഷോപ്പിംഗ്-ആരാധനാലയങ്ങൾ-ഉറക്കം എന്ന രീതിയിൽ അത് പോകുന്നു. കുട്ടികളാണെങ്കിൽ സർവ്വത്ര പഠനവും, ഗൃഹവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഭാര്യയാണെങ്കിൽ ഭർത്താവിന്റെ കാര്യത്തിൽ പറഞ്ഞ ഓഫീസിൽ പോക്ക് ഇല്ലെന്നതൊഴിച്ചാൽ ബാക്കിയുള്ളവയെല്ലാം അതുപോലെ തുടരുന്നു. ആർക്കും സംസാരിയ്ക്കാനോ ഒന്നു ചിരിക്കാൻപോലുമോ സാഹചര്യമില്ല. ഓഫീസിലും വീട്ടിലും സർവത്ര പിരിമുറുക്കമാണ്. മലയാളി സ്വത്വത്തിന്റെ ഭാഗമായിരുന്ന പല വികാരങ്ങളും-അനുതാപം മുതൽ സഹനം വരെ -കുടിയിറങ്ങിയിരിക്കുന്നു. അവശേഷിക്കുന്നത് അഹങ്കാരവും ആസക്തിയുമാണ്. എല്ലാം കൈവശപ്പെടുത്താനുള്ള അടങ്ങാത്ത വ്യഗ്രത.

ഏറ്റവും ഗൗരവമായി കാണേണ്ടകാര്യം കൃത്രിമമായ വസ്തുക്കളോട് തോന്നുന്ന സ്നേഹംപോലും നമുക്ക് സഹജീവികളോട് തോന്നുന്നില്ലെന്നതാണ്. സ്വന്തം കാറിനോടോ, ഐ-പാഡിനോടോ തോന്നുന്ന അടുപ്പം ബന്ധങ്ങളോട് ഇല്ലാത്തത് ബന്ധങ്ങളെക്കാൾ വിപണിയേയും അതു നൽകുന്ന സൗകര്യങ്ങളേയും വിലമതിക്കുന്നതുകൊണ്ടാണ്.

കീശനിറയെ ക്രെഡിറ്റ് കാർഡും മനസുനിറയെ ആഗ്രഹങ്ങളുമായി നടക്കുന്ന മലയാളികൾ, മാറിയ സാഹചര്യങ്ങളുടെ പ്രതിഫലനം എന്നവണ്ണം, പഴയ ചന്തകളിൽ നിന്ന് ആധുനിക മാളുകളിലേക്കും ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലേക്കും ചേക്കേറിക്കഴിഞ്ഞു. നമ്മുടെ നാട്ടിലെ പഴയ ചന്തകൾക്ക് ഒരു സോഷ്യോളജി ഉണ്ടായിരുന്നു എന്ന കാര്യം ഇവിടെ ഓർക്കുന്നത് നന്നായിരിക്കും. ചന്ത നമ്മുടെ സമൂഹത്തിന്റെ പരിച്ഛേദമാണ്. സാമൂഹികവും സാമ്പത്തികവുമായ എല്ലാ ചേരിതിരിവുകൾക്കുമപ്പുറം എല്ലാ വിഭാഗം ജനങ്ങളും എത്തുന്ന പൊതു ഇടം



എന്ന നിലയ്ക്ക് അതിന്റെ മതനിരപേക്ഷ സ്വഭാവം ശ്രദ്ധേയമാണ്. മാത്രമല്ല, മലയാളി സ്വത്വത്തിന്റെ എല്ലാ വികാരങ്ങളും - ദേഷ്യം, സന്തോഷം, സൗഹൃദം, പരിഹാസം, വഴക്കും വക്കാണവും എന്നിങ്ങനെ പലതും - നിമിഷംപ്രതിയാണ് അവിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. നമ്മുടെ പല ദീർഘനാളത്തെ സൗഹൃദങ്ങളുടെയും രംഗവേദി ഈ വിധമുള്ള ചന്തകളായിരുന്നു എന്നതും വാസ്തവമാണ്. അവിടെ മനുഷ്യരെ മുട്ടിയുരുമ്മി നടക്കുമ്പോൾ നാം അവരെ അടുത്തറിയുകയാണ്.

മറുവശത്ത്, ചന്തയിൽ നിന്ന് മാളുകളുടെ ശീതീകരിച്ച അന്തരീക്ഷത്തിൽ എത്തുമ്പോൾ ഇതെല്ലാമാണ് നമുക്ക് അന്യമാവുന്നത്. ആർട്ട് ഫിലിമുകളിൽ കാണുന്നതുപോലെയാണ് മാളുകളിലെ സംഭാഷണങ്ങൾ. അന്യരിൽനിന്ന് അകന്നുമാറി അരവാക്കും ഒരുവാക്കുമായി അത് ഒതുങ്ങുന്നു. മാളുകളിൽ ഏറ്റവുമധികം ഉപയോഗിക്കുന്ന ശബ്ദം (വാക്കാണെന്ന് പറയാനാവില്ല) ഹായ് എന്നതാണല്ലോ. ചന്തയിൽ നിന്ന് വ്യത്യസ്തമായി, സാധനങ്ങൾ വാങ്ങാൻപോലും ഇവിടെ ഉപഭോക്താവിന് സംസാരിക്കേണ്ടിവരുന്നില്ല. അയാൾക്കുതന്നെ ഇഷ്ടമുള്ളത് ആരോടും ഉരിയാടാതെ തിരഞ്ഞെടുക്കാം. മാളുകൾ നമ്മെ പെറുക്കുകികളാക്കുന്നു എന്ന് എം.എൻ. വിജയൻ പറഞ്ഞത് ഈ അർത്ഥത്തിലാണ്.

മൊബൈലിന്റെ ഉപയോഗം കൂടി ആയതോടെ വികാര പ്രകടനങ്ങളും മുഖത്ത് ഭാവപ്രകടനങ്ങളുമില്ലാതെ സംസാരിക്കാം എന്നുവന്നിരിക്കുന്നു. മാളുകളിൽ ഒറ്റവാക്കിൽ അവസാനിക്കുന്ന സംഭാഷണങ്ങൾ മൊബൈലിൽ ദീർഘമേറിയതാവാം. പക്ഷേ, സംസാരിക്കുന്നവർക്ക് നേരിട്ട് കാണാനാവില്ലെന്നു മാത്രം. നേരിട്ട് മുഖാമുഖം കണ്ട് സംസാരിക്കുമ്പോഴാണല്ലോ ഭാവഭേദങ്ങൾ പ്രസക്തമാകുന്നത്. ഈ വിധം കാണാതെ സംസാരിക്കാനാവുന്നതുകൊണ്ട് എന്തും പറയാവുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. മുൻപ് മുഖത്തുനോക്കി പറയാൻ മടിച്ചിരുന്ന കാര്യങ്ങൾ ഇന്ന് മുഖത്തുനോക്കാതെ വെട്ടിതുറന്നു പറയാനാവുന്നു. വ്യക്തിബന്ധങ്ങൾ ശിഥിലമാക്കുന്നതിൽ മുഖം കാണാതെയുള്ള മൊബൈൽ സംഭാഷണങ്ങളുടെ പങ്ക് സാമൂഹ്യശാസ്ത്ര ഗവേഷകർ അന്വേഷിക്കുന്നത് നന്നായിരിക്കും.

സാമൂഹ്യബന്ധമില്ലാതെ, ഒറ്റതിരിഞ്ഞ്, ഒറ്റവാക്കിൽ മൊഴി ഒതുക്കി, അതും കണ്ണുകൊണ്ടു കാണാതെ കാതുകൊണ്ടുമാത്രം കേട്ട്, പണസമ്പാദനവും ഉപഭോഗവും മാത്രം മുന്നിൽ കണ്ട് നടക്കുന്ന മധ്യവർഗ മലയാളിക്ക് പൊതുമണ്ഡലത്തിന്റെ എന്താവശ്യമാണ് ഉള്ളത്?

മലയാളികളുടെ ഈ ഒറ്റതിരിഞ്ഞുള്ള പ്രവൃത്തിയാണവരെ ആരാധനാലയങ്ങളിലേക്കും ആൾദൈവങ്ങളിലേക്കും ആട്ടിത്തെളിച്ചുകൊണ്ടുപോകുന്നത്. മനസമാധാനം മാത്രമല്ല പ്രശ്നം. ഒരിക്കലും ഒടുങ്ങാത്ത ആഗ്രഹങ്ങൾ നിറവേറ്റാനുള്ളൊരു കുറുക്കുവഴി കൂടിയാണിത്. ഒന്നു കിട്ടീടുകിൽ രണ്ട്. രണ്ടു കിട്ടീടുകിൽ നാല്. ഇങ്ങനെ പോകുന്നു ആവശ്യങ്ങൾ.

ദൈവങ്ങളെ വിട്ട് ആൾദൈവങ്ങളെ അന്വേഷിച്ചുള്ള യാത്രയായും ഭക്തി പരിണാമപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ഇരുപതുവർഷങ്ങൾക്കുള്ളിൽ എത്ര ആൾദൈവങ്ങളാണ് മലയാളക്കരയിൽ മാത്രം ഉദിച്ചുയർന്നത്? മനുഷ്യൻ സ്വയം ഉള്ളിലേക്ക് വലിയുമ്പോൾ തന്നിലുള്ള വിശ്വാസമാണ് ആദ്യം ഉലയ്ക്കപ്പെടുന്നത്. ഇത് സൃഷ്ടിക്കുന്ന വിശ്വാസപ്രതിസന്ധിയാണ് ഭക്തിയുടെ പേരിൽ അയാളെ ആളുകൾ കൂടുന്നിടത്തൊക്കെ പോകാൻ പ്രേരിപ്പിക്കുന്നത്. യഥാർത്ഥ ദൈവങ്ങളെ അപേക്ഷിച്ച് ആൾദൈവങ്ങളുടെ ഒരു പ്ലസ്പോയിന്റ് അവരുടെ വിസിബിലിറ്റി വലുതാണെന്നതാണ്. ഭക്തന് ജീവനുള്ള ദൈവത്തെ ദൈനംദിന ജീവിതത്തിൽത്തന്നെ മുഖാമുഖം കാണുവാനും അവരുടെ സാന്നിദ്ധ്യം നേരിട്ടനുഭവിക്കാനും കഴിയുന്നു. ഒരർത്ഥത്തിൽ ഇത് മറ്റ് ദൈവങ്ങളെ അപേക്ഷിച്ച് ഭക്തനും ആൾദൈവവുമായൊരു ജൈവബന്ധം ഉണ്ടാകാനുള്ള സാദ്ധ്യത തുറന്നുവയ്ക്കുന്നു. ഇതാണ് ആൾദൈവങ്ങളുടെ അടുത്തേക്ക് പോകാൻ പ്രേരിപ്പിക്കുന്ന ഏറ്റവും വലിയ ഘടകം.

ചരിത്രം ആവർത്തിക്കുമെന്ന് പറയാറുണ്ട്. പക്ഷേ, നമ്മുടെ കാര്യത്തിൽ ചരിത്രം ആവർത്തിച്ചിരിക്കുന്നത് അതിനെത്തന്നെ നിഷേധിച്ചുകൊണ്ടാണ്. അന്ന് ദൈവം മനുഷ്യനായെങ്കിൽ കാലചക്രം തിരിഞ്ഞപ്പോൾ നാം മനുഷ്യനെ ദൈവമാക്കുന്നു!

ഇതിന്റെ അനുബന്ധമായി കാണേണ്ട ഒന്നാണ് കേരള സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന വർഗീയതയും ജാതിചിന്തയും. ഇവിടെ മതങ്ങളുടെ വൈവിദ്ധ്യമല്ല പരാമർശ വിഷയം. വ്യത്യസ്ത ജനവിഭാഗങ്ങൾ ഒരുമിച്ചു ജീവിക്കുമ്പോൾ ഈ വിധം സംഭവിക്കുന്നത് സ്വാഭാവികം മാത്രം.

എന്നാൽ ഇവിടെ പ്രശ്നം വ്യക്തിബന്ധങ്ങളെ ജാതിയുടെയും മതത്തിന്റെയും കെട്ടുപാടുകളിൽ കുരുക്കി ഇടുന്നതും ജാതി-മത നേതൃത്വങ്ങൾ ജനങ്ങളുടെ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ചെലുത്തുന്ന സ്വാധീനവുമാണ്. (നിയന്ത്രണം?) നായരെ നായരായും ഈഴവനെ ഈഴവനായും, ക്രിസ്ത്യാനിയെ ക്രിസ്ത്യാനിയായും, മുസ്ലീമിനെ മുസ്ലീമായും നില നിർത്തേണ്ടത് അവരുടെ കാര്യസാധ്യതിന് ആവശ്യമാണെന്നാണ് പറഞ്ഞുവരുന്നത്. ഇവരുടെ ഈ ചതിക്കുഴിയിലാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലയാളി കുടുങ്ങി കിടക്കുന്നത്.

സംസ്ക്കാരവും സമൂഹവും രൂപപ്പെടുന്നത് കൂട്ടായ്മയിലൂടെയാണ്. ഈ കൂട്ടായ്മയാണ് വർത്തമാനകാലത്ത് നമുക്ക് നഷ്ടമായിരിക്കുന്നത്. വ്യക്തിവാദത്തിന്റെ ആൾരൂപങ്ങളാണെന്നറിഞ്ഞിട്ടും നാം വിപണിയേയും വിശ്വാസത്തേയും മൂഢമായി പിൻപറ്റുവാൻ ശ്രമിക്കുന്നു. ഒറ്റതിരിഞ്ഞ മനുഷ്യരാണ് രണ്ടിന്റെയും ഇരകൾ എന്ന വസ്തുത ഇവിടെ നാം വിസ്മരിക്കുകയാണ്. മലയാളി സമൂഹത്തിന് ഇന്ന് ഒന്നിലും തൃപ്തിയുമില്ല, പ്രായത്തിന്റെ പക്വതയുമില്ല. രണ്ടിന്റെയും സ്ഥാനത്ത് ഒരുതരം ആർത്തിയും അത്യാഗ്രഹവും മാത്രം. ഭൗതീകതയിൽ ആസക്തരായ, ആത്മീയ അന്ധകാരത്തിൽ തപ്പിതടയുന്ന, മൂല്യങ്ങൾ നഷ്ടപ്പെടുത്തിയ മലയാളിക്ക് സാംസ്ക്കാരിക സാക്ഷരതയും നഷ്ടമായിരിക്കുന്നു.



# ബാലവേദി

**കെ**ണിവച്ച് പക്ഷികളെ പിടിക്കുന്ന ഒരുവന് ഒരു ദിവസം നല്ല ഭംഗിയുള്ള ഒരു കിളിയെ കിട്ടി. പക്ഷികളെ കൊന്ന് മരുന്നു പുരട്ടി വളരെനാൾ കേടുകൂടാതെ വയ്ക്കാനുള്ള വിദ്യ അയാൾക്കു വശമായിരുന്നു. ആവശ്യക്കാർക്ക് അയാൾ അതു വിൽക്കും. അങ്ങനെയാണയാൾ ജീവിച്ചുപോന്നത്.

ഇന്നേ ദിവസം ഇത്രയധികം ഭംഗിയുള്ള ഒരു പക്ഷിയെ കിട്ടിയതിൽ അയാൾ വളരെ സന്തോഷിച്ചു. നല്ല വില കിട്ടുമെന്നുറപ്പായിരുന്നു. പക്ഷിയെ പതുക്കെ കെണിയിൽ നിന്നെടുത്തപ്പോൾ ഒരത്ഭുതം നടന്നു. അതു സംസാരിക്കാൻ തുടങ്ങി: 'എന്നെ കൊല്ലരുതേ, എന്റെ കൂട്ടിൽ എന്നെയും കാത്ത് കുറെ കുഞ്ഞുങ്ങളുണ്ട്. നിങ്ങൾ എന്നെ കൊല്ലാതിരിക്കാമെങ്കിൽ വിലപ്പെട്ട മൂന്ന് ഉപദേശങ്ങൾ ഞാൻ പറഞ്ഞുതരാം. അത് നിങ്ങൾക്കു വളരെ ഉപകരിക്കും.' ഇതും വെറും സാധാരണ പക്ഷിയല്ലെന്നു മനസ്സിലാക്കിയ അയാൾ ഇങ്ങനെ പറഞ്ഞു:"ഏതായാലും ഉപദേശം കേൾക്കട്ടെ, നല്ലതാണെങ്കിൽ നിന്നെ വിട്ടയയ്ക്കാം." അപ്പോൾ കിളി പറഞ്ഞു: "ശ്രദ്ധിച്ചു കേട്ടുകൊള്ളണം. ഒന്നാമത്തേത് ഒരു മണ്ടത്തരം കേട്ടാൽ, പറയുന്നത് ആരുമായിക്കൊള്ളട്ടെ, ഒരിക്കലും അത് വിശ്വസിക്കരുത്. രണ്ട്: ആർക്കെങ്കിലും നീ ഒരു നന്മ ചെയ്താൽ പിന്നീട് അതിനെപ്പറ്റി ഓർത്ത് പശ്ചാത്തപിക്കരുത്. മൂന്ന്: നിനക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത ഉയരങ്ങളിലേക്ക് എത്താൻ ശ്രമിക്കരുത്."



# അറിവും വിശ്വാസവും

പക്ഷിപിടുത്തക്കാരന് മൂന്നും വളരെ വിലപ്പെട്ടതായിത്തോന്നി. പലപ്പോഴും അവൻ ചിലരുടെ വാക്കുകൾ കേട്ട്, അവർ പ്രശസ്തരായതുകൊണ്ടു മാത്രം, മണ്ടത്തരമാണെന്നറിഞ്ഞിട്ടും അനുസരിക്കുകയും അപകടത്തിൽ ചാടുകയും ചെയ്തിട്ടുണ്ട്. സംഭാവനകളും ദാനങ്ങളും മറ്റും ചെയ്തിട്ട് അങ്ങനെ കൊടുക്കേണ്ടിയിരുന്നില്ലെന്ന് ഓർത്ത് പിന്നീട് ദുഃഖിച്ചിട്ടുണ്ട്. തനിക്കെത്തിപ്പെടാൻ പറ്റാത്ത ഉയരത്തിലെത്താൻ എന്തുമാത്രം പരിശ്രമിച്ചിട്ടുണ്ട്! അവസാനമാണ് അതെല്ലാം പാഴ്വേലയാണെന്നറിയുന്നത്. തീർച്ചയായും ഈ മൂന്നറിവുകളും തന്റെ ഭാവിജീവിതത്തിനു ഗുണം ചെയ്യും. സംശയമില്ല. അയാൾ കിളിയെ മോചിപ്പിച്ചു.

പക്ഷി പറന്നുയർന്നു. പക്ഷേ എങ്ങോട്ടും പോയില്ല. ഒരു സാധാരണ പക്ഷിയായിരുന്നില്ലല്ലോ അത്. അടുത്തുതന്നെയുള്ള ഒരു മരക്കൊമ്പിൽ പോയിരുന്നു. എന്നിട്ട് അയാളോട് ഇങ്ങനെ പറഞ്ഞു: "എടാ മരമണ്ടാ, നീയെന്നെ എന്തിന് മോചിപ്പിച്ചു? എന്റെ വയറ്റിൽ വലിയൊരു രത്നം കിടപ്പുണ്ട്. നീയെന്നെ കൊന്നിരുന്നെങ്കിൽ നിനക്കതെടുക്കാമായിരുന്നു. നിന്റെ ജീവിതകാലം മുഴുവൻ സുഖമായി ജീവിക്കാനുള്ള പണം അത് വിറ്റാൽ കിട്ടുമായിരുന്നു. ഇനി പറഞ്ഞിട്ടെന്തു കാര്യം? പോയ ബുദ്ധി തിരിച്ചു കിട്ടുമോ? വിഡ്ഢി!"

ഇതു കേട്ടതും അയാൾ ആകെ തളർന്നു. കൈയിൽ വന്ന മഹാഭാഗ്യം തന്റെ ബുദ്ധിമോശം കൊണ്ട് ഇത്രയും പെട്ടെന്ന് കൈവിട്ടുകളഞ്ഞതോർത്ത് അയാൾക്കിരിക്കപ്പൊറുതിയില്ലാതായി. എങ്ങനെയെങ്കിലും ആ കിളിയെ പിടിക്കണം. അയാൾ ആ മരത്തിലേക്കു വലിഞ്ഞുകയറാൻ തുടങ്ങി. വെറുംകൈകൊണ്ട് ഒരു പക്ഷിയെ പിടിക്കുന്ന കാര്യം ഓന്നോർത്തു നോക്കൂ. ഇയാൾ അടുത്തെത്തിയപ്പോൾ പക്ഷി പറന്ന് വേറൊരു മരത്തിൽ പോയിരുന്നു. ആ മരത്തിൽ നിന്നുമിറങ്ങി അടുത്ത മരത്തിൽ കയറി നോക്കി. ഇങ്ങനെ കയറിയും ഇറങ്ങിയും അയാൾ വലഞ്ഞു. എങ്കിലും ശ്രമം ഉപേക്ഷിച്ചില്ല. പക്ഷി പിന്നെയും ഇയാളെ കളിപ്പിച്ചുകൊണ്ടേയിരുന്നു. അവസാനം തളർന്ന് ഒരു മരത്തിൽ നിന്നു അയാൾ താഴെ വീണു. കാലിന്റെ എല്ലു പൊട്ടി. എഴുന്നേൽക്കാൻ വയ്യാതെ ആ മരച്ചുവട്ടിൽ കിടന്നു.

ഈ സമയം പക്ഷി ഏറ്റവും താഴെയുള്ള ഒരു കൊമ്പിൽ വന്നിരുന്നു, എന്നിട്ടു പറഞ്ഞു: "വിഡ്ഢീ, ഞാൻ നിനക്കു മൂന്ന് ഉപദേശങ്ങൾ പറഞ്ഞുതന്നില്ലേ? അത് വളരെ നല്ലതെന്നു നിനക്കു തോന്നി. അങ്ങനെതന്നെ എന്ന് എന്നോടു പറയുകയും ചെയ്തു. മണ്ടത്തരം ആരു പറഞ്ഞാലും വിശ്വസിക്കരുത് എന്നു ഞാൻ പറഞ്ഞില്ലേ? പിന്നെന്തിനാണ് എന്റെ വയറ്റിൽ ഒരു രത്നം ഉണ്ടെന്നു പറഞ്ഞത് വിശ്വസിച്ചത്? ആർക്കെങ്കിലും ഒരു നന്മ ചെയ്താൽ അതോർത്തു മനസ്താപപ്പെടരുതെന്ന് ഞാൻ പിന്നീട് പറഞ്ഞു. നീ എന്തു ചെയ്തു? എന്നെ വിട്ടയച്ചതോർത്ത് നീ ദുഃഖിച്ചു. മൂന്നാമത് ഞാൻ പറഞ്ഞതും അതുപോലെതന്നെ. നമ്മെക്കൊണ്ട് പറ്റാത്ത കാര്യത്തിന് ശ്രമിക്കരുത്. ഒരു പക്ഷിയെ വെറുംകൈ കൊണ്ട് പിടിക്കാൻ സാദ്ധ്യമല്ലെന്നു നിനക്കു നന്നായി അറിയാം. പക്ഷേ ആ അറിവനുസരിച്ചല്ല നീ പ്രവർത്തിച്ചത്. മനുഷ്യന്റെ മനസ്സും ഹൃദയവും തമ്മിൽ വലിയ ഒരു വിടവുണ്ട്. ഞാൻ പറഞ്ഞത് ശരിയായിരുന്നു എന്നു നിനക്കു ബോധ്യമായിരുന്നു. പക്ഷേ ആ അറിവു നിന്റെ ബുദ്ധിയിൽ മാത്രമായിരുന്നു. നിന്റെ ഹൃദയത്തിലെ ദൃഢവിശ്വാസമായി അത് മാറിയിരുന്നില്ല. അതുകൊണ്ടാണ് ശരിയെന്നറിയാമായിരുന്ന കാര്യങ്ങൾക്കു നേരേ വിപരീതമായി നീ പ്രവർത്തിച്ചത്."

നമ്മുടെ മനസ്സിലെ അറിവുകൊണ്ടു മാത്രം ഒരു കാര്യവുമില്ല. അത് ഹൃദയത്തിലെ ബോധ്യമായി മാറണം. വിശ്വാസത്തിന്റെ വഴി അതാണ്. വിശ്വാസം ഹൃദയത്തിലെത്തണം. അങ്ങനെയായാൽ വിശ്വാസമില്ലായ്മ ഉണ്ടാവുകയില്ല. കേട്ടും കണ്ടും വായിച്ചും മറ്റും ഉണ്ടാവുന്ന ഏതറിവും അറിവായിത്തന്നെ നമ്മുടെ ബുദ്ധിയിൽ ഇരിക്കും. അറിവ് പ്രാവർത്തികമാക്കുമ്പോൾ മാത്രമേ അത് ഹൃദയത്തിലേക്കു കടക്കുകയുള്ളു (യാക്കോ. 1:22-25).



# കാത്തിരിക്കുക അവസരം വരും

മരത്തിൽനിന്ന് ഒരു ഇല താഴേക്കു വീണു. അപ്പോൾ മറ്റ് ഇലകൾ ചിരിച്ചു: "ഹ! ഹ! നീ ഞങ്ങളേക്കാൾ താഴെയായേ!" താഴെ വീണ ഇലയ്ക്ക് ഇതു കേട്ട് സങ്കടം വന്നു.

എന്നാൽ വമ്പനൊരു കാറ്റു വീശി. ആ കാറ്റത്ത് താഴെ വീണ ഇല പറന്ന് ആകാശത്തേക്ക് ഉയർന്നു. അത് പാറി ഒരു കുന്നിൻ മുകളിൽ ചെന്നു വീണു.

മറ്റുള്ളവരേക്കാൾ താഴെയെത്തിയാൽ നമ്മൾ നിരാശരാവരുത്. അവസരങ്ങൾ വരുമ്പോൾ നമുക്ക് വീണ്ടും ഉയരത്തിലെത്താനാവും!



# പാചകപ്പുരയിലൂടെ ഒരു പഠനം

ആറു വയസ്സുകാരിയായ ലിസിമേരിക്ക് കുതിരസവാരി പഠിക്കണമെന്ന് ഒരു മോഹം തോന്നി. പക്ഷേ, അതിനു പണം വേണം. അതിനുവേണ്ടി അടുക്കളയിലേക്കു കയറി. എന്നിട്ട് സ്വന്തം രുചിക്കൂട്ടുകൾ ഉപയോഗിച്ച് കേക്കുകൾ ഉണ്ടാക്കി. ലിസിയുടെ കേക്കുകൾ വമ്പൻ ഹിറ്റായി മാറി. ദിവസംതോറും ആവശ്യക്കാരുടെ എണ്ണവും കൂടി. അങ്ങനെ അച്ഛനമ്മമാരുടെ സഹായത്തോടെ അവൾ ലിസിമേരീസ് ക്യൂസൈൻ എന്നൊരു പാചകശാല തുടങ്ങി. ആരോഗ്യത്തിന് ദോഷം ചെയ്യുന്ന ഒരു ചേരുവയ്ക്കും ലിസിയുടെ പാചകപ്പുരയിൽ ഇടമില്ല. ജോർജ്ജിയയിലാണ് ഈ മിടുക്കിയുടെ വീട്.



# ആത്മവിശ്വാസത്തോടെ ശ്രമിച്ചാൽ

മാർക്ക് ബാവോ എന്ന ന്യൂയോർക്കുകാരന് പതിനെട്ടു വയസ്സുണ്ട്. അതിനിപ്പം എന്താ എന്നു ചോദിക്കാൻ വരട്ടെ. ഈ പതിനെട്ടു വയസ്സിനുള്ളിൽ ബാവോ ചെയ്തുകൂട്ടിയത് അല്ലറചില്ലറകാര്യങ്ങളൊന്നുമല്ല. അമേരിക്കയിലെ അറിയപ്പെടുന്ന വ്യാവസായിയും മനുഷ്യാവകാശ പ്രവർത്തകനുമാണ് മാർക്ക്.

കമ്പ്യൂട്ടർരംഗത്താണ് മാർക്ക് തന്റെ കഴിവുതെളിയിച്ചത്. മൂന്ന് വെബ് കമ്പനികളുടെ സ്ഥാപകനും നിരവധി വെബ്സൈറ്റുകളുടെ സ്രഷ്ടാവുമാണ് മാർക്ക്. "ഒരിക്കലും പരാജയത്തെ ഭയപ്പെടാതിരിക്കുക. ആത്മവിശ്വാസത്തോടെ ശ്രമിച്ചാൽ വമ്പൻ വിജയങ്ങൾ ആരെയും തേടിയെത്തും!", മാർക്കിനു പറയാനുള്ളത് ഇതാണ്.

# വിജയം അല്ലെങ്കിൽ മരണം



വിഖ്യാതനായ പോരാളി ജൂലിയസ് സീസറും സംഘവും ഇംഗ്ലണ്ടിനെ കീഴടക്കുവാനെത്തി. ഇംഗ്ലണ്ടിന്റെ തീരം അടുക്കാറായപ്പോഴാണ് ജൂലിയസ് സീസറിന് ആ വിവരം ലഭിച്ചത്. കരയിൽ തങ്ങളെ കാത്തിരിക്കുന്നത് മൂന്നിരട്ടിയോളം വരുന്ന ഇംഗ്ലീഷ് സൈന്യം മാത്രമല്ല അതിലും എത്രയോ ഇരട്ടി സൈനികരാണ് കോട്ടയ്ക്കുള്ളിൽ നിലയുറപ്പിച്ചിട്ടുണ്ടാവുക.

തന്റെ സൈന്യത്തിന്റെ ആത്മവിശ്വാസം ചോരുന്നു എന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ സീസർ തന്റെ സൈന്യത്തോട് അലറി "നാം വന്ന കപ്പലുകൾ തീവച്ച് നശിപ്പിക്കുക. നമുക്ക് മുമ്പിൽ രണ്ടേ രണ്ടു മാർഗ്ഗങ്ങളേ ഇപ്പോഴുള്ളൂ. ഒന്നുകിൽ ഇംഗ്ലീഷ് സൈന്യത്തിന്റെ മുമ്പിൽ തോറ്റ് മരിക്കാം. അല്ലെങ്കിൽ ഇംഗ്ലീഷ് സൈന്യത്തെ കീഴ്പ്പെടുത്തി അവരുടെ കപ്പലുകളിൽ നമുക്ക് നാട്ടിലേക്ക് മടങ്ങാം."

സീസറുടെ വാക്കുകൾ സൈന്യത്തെ ഒന്നടങ്കം ആവേശം കൊള്ളിച്ചു. എണ്ണത്തിൽ ചെറുതായിരുന്നിട്ടും അവർ തങ്ങളേക്കാൾ പ്രബലരായിരുന്ന ഇംഗ്ലീഷ് സൈന്യത്തെ തരിപ്പണമാക്കി.

നിശ്ചയദാർഢ്യത്തിന് അസാദ്ധ്യമെന്ന് നാം കരുതുന്ന പലതിനെയും സാദ്ധ്യമാക്കാനുള്ള കഴിവുണ്ടെന്ന് സീസറിന്റെയും പടയാളികളുടെയും വിജയം സൂചിപ്പിക്കുന്നു. സമാനമായ മറ്റൊരു ചരിത്രസംഭവം രണ്ടാം ലോകമഹായുദ്ധ കാലഘട്ടത്തിൽ നടന്നു.

യൂറോപ്പിനെയൊന്നാകെ കീഴ്പ്പെടുത്തിക്കൊണ്ട് ഹിറ്റ്ലറുടെ നാസിപ്പട റഷ്യയിലേക്ക് കുതിച്ചപ്പോൾ അന്നത്തെ റഷ്യൻ ഭരണാധികാരിയായിരുന്ന ജോസഫ് സ്റ്റാലിൻ ചെയ്തതെന്താണെന്നോ?

സ്റ്റാലിൻ റഷ്യൻ ഭടന്മാരെയൊന്നാകെ നാസിപ്പടയ്ക്ക് മുമ്പിലേക്കയച്ചിട്ട് റഷ്യയിലെ മുഴുവൻ പാലങ്ങളും ബോംബുവച്ച് തകർത്തുകളഞ്ഞു. ജീവനും മരണത്തിനും ഇടയ്ക്കുള്ള അവസ്ഥയിലായി റഷ്യൻ സൈനികർ. തോറ്റ് പിൻവാങ്ങിയാൽ നദിയിൽ ചാടി ആത്മഹത്യ ചെയ്യേണ്ടിവരും. അതുകൊണ്ട് മുമ്പോട്ട് മാർച്ച് ചെയ്യുകയേ നിവർത്തിയുള്ളൂ. മരണഭീതി സൃഷ്ടിച്ച നിശ്ചയ ദാർഢ്യം റഷ്യൻ സൈനികരിൽ ഉണർന്നപ്പോൾ ഹിറ്റ്ലറിന്റെ നാസിപ്പട തോറ്റു തുന്നംപാടി. അന്ന് സ്റ്റാലിൻ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ വംശവെറിയന്മാരായ നാസികളുടെ അധീനതയിൽ പെട്ട് ലോകചരിത്രം തന്നെ മാറിപ്പോകുമായിരുന്നു.

ഈ രണ്ട് സംഭവങ്ങളും സൂചിപ്പിക്കുന്നത് ജീവിതവിജയത്തിന് പിന്നിൽ നിശ്ചയദാർഢ്യത്തിനുള്ള പ്രാധാന്യമാണ്.

വളർച്ചയുടെ പടവുകൾ ഒന്നൊന്നായി താണ്ടി ജീവിതത്തിന്റെ ഓരോ അധ്യായങ്ങളിലും പുരോഗതിയുടെ ചരിത്രം എഴുതിക്കുറിക്കുന്ന ഏതൊരു വ്യക്തിയുടെ ജീവിതമെടുത്താലും അവരിൽ നിശ്ചയദാർഢ്യമെന്ന ഗുണമുണ്ടായിരുന്നതായി കാണാം.

ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളുമുണ്ടാകുമ്പോഴും തളരാതെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മുന്നേറുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് നിശ്ചയദാർഢ്യമാണ്. എന്തു സംഭവിച്ചാലും നിങ്ങൾ നിങ്ങളുടെ ജീവിതലക്ഷ്യങ്ങൾ നേടും എന്ന് ഉറച്ചു വിശ്വസിക്കുക. ആ വിശ്വാസമാണ് നിശ്ചയദാർഢ്യത്തിന്റെ കാതൽ.

ഇവിടെ നമുക്ക് നമ്മുടെ ആത്മീയമൊന്നു പരിശോധിക്കാം. ആത്മീയ യുദ്ധക്കളത്തിലായിരിക്കുന്ന നാം അതിനായി എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ. ജീവിതത്തിൽ തകർക്കേണ്ടത് തകർക്കാതെയും ഉപേക്ഷിക്കേണ്ടത് ഉപേക്ഷിക്കാതെയും നാം വന്നവഴിയേ തിരിഞ്ഞോടിക്കൊണ്ടിരിക്കുകയല്ലേ? ലോകത്തിന്റെ മക്കളായി ജഡത്തെ പരിപോഷിപ്പിച്ചും തൃപ്തിപ്പെടുത്തിയും പിന്നോട്ടുപായുന്ന നമുക്ക് യേശുവിന്റെ ആജ്ഞ അനുസരിച്ച് മുന്നോട്ടാഞ്ഞ്, ആത്മാവിനാൽ ജഡത്തിന്റെ ദാഹത്തെ തകർത്ത്, പിശാചിനെ പോരാടി തോൽപ്പിക്കുവാൻ ദൃഢനിശ്ചയം ഇല്ലാതെ നിത്യജീവൻ ലഭിക്കുമോ? ചിന്തിക്കുക.

# ദൈവമക്കളും ജാരസന്തതിയും



ഒരാൾ ഒരു കൊലപാതകം ചെയ്തു. കോടതി അയാളെ ജീവപര്യന്തം കഠിനതടവിന് ശിക്ഷിച്ചു. ശിക്ഷാകാലാവധി പൂർത്തിയാക്കി അയാൾ വർഷങ്ങൾക്കുശേഷം പുറത്തിറങ്ങി. അതേ കേസ്സിൽ അയാളെ പോലീസിന് വീണ്ടും അറസ്റ്റു ചെയ്യാൻ പറ്റില്ല. ഒരിക്കൽ വിചാരണ ചെയ്ത് ശിക്ഷിച്ച കേസ്സിൽ വീണ്ടും അതേ വ്യക്തിയെ കോടതിക്ക് വിചാരണ ചെയ്ത് ശിക്ഷിക്കാനുമാവില്ല. ഇതാണ് ലോകമെമ്പാടും നിലവിലുള്ള നിയമം.

നീതിമാനായ ദൈവത്തിന് ഒരിക്കലും അനീതി ചെയ്യാൻ പറ്റില്ല. അതുകൊണ്ട് ഒരു പാപത്തിന് രണ്ടുവട്ടം ശിക്ഷ വിധിക്കാനുമാവില്ല. അതുകൊണ്ടാണ് വിശുദ്ധരുടെ വേഷം കെട്ടി നടന്ന് പാപം ചെയ്യുന്നവരെ ദൈവം ഇപ്പോൾ ശിക്ഷിക്കാതിരിക്കുന്നത്.

അല്പംകൂടി വിശദീകരിക്കാതെ വിഷയം വ്യക്തമാകയില്ല എന്നറിയാം. അതുകൊണ്ട് ഈ വിഷയം കുറച്ചുകൂടി ആഴത്തിൽ പഠിക്കാം. ആദ്യമായി 1 കൊരി. 11:31,32 വായിക്കുക. ആ ഭാഗം ബൈബിൾ സൊസൈറ്റിയുടെ സത്യവേദപുസ്തകത്തിൽ അത്ര വ്യക്തമല്ല. അതുകൊണ്ട് പി.ഒ.സി. ബൈബിൾ, ഓശാന ബൈബിൾ, ഇംഗ്ലീഷ് ബൈബിളുകൾ തുടങ്ങിയവകൂടി വായിക്കുക. അവിടെ പറയുന്നതിന്റെ ചുരുക്കം ഇതാണ്:

1. നാം നമ്മെത്തന്നെ വിധിച്ചാൽ ദൈവം നമ്മെ വിധിക്കയില്ല.
2. നാം നമ്മെത്തന്നെ വിധിക്കുന്നില്ലെങ്കിൽ ദൈവം നമ്മെ വിധിക്കും. നാം ഈ ലോകത്തോടുകൂടി ശിക്ഷാവിധിയിൽ അകപ്പെടുന്നത് ഒഴിവാക്കാനുള്ള ബാലശിക്ഷയാണത്.

എല്ലാ മനുഷ്യരുടേയും പാപങ്ങളുടെ ശിക്ഷ കർത്താവായ യേശുക്രിസ്തു പ്രാപിച്ചു കഴിഞ്ഞു. ആ പരമയാഗത്തിൽ വിശ്വസിക്കയും കർത്താവായ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ഇനി ഒരു ശിക്ഷാവിധിയുമില്ല (റോമ.8:1). പക്ഷേ, രക്ഷിക്കപ്പെട്ട വ്യക്തികൾ പിന്നീട് പാപം ചെയ്തു എന്നുവരാം. അത്തരം പാപങ്ങളെ മരണത്തിനുള്ള പാപം എന്നും മരണത്തിനല്ലാത്ത പാപമെന്നും രണ്ടായി തിരിച്ചിരിക്കുന്നു (1 യോഹ. 5:16). പക്ഷേ, മരണത്തിനുള്ള പാപം ഏതൊക്കെ എന്ന് ബൈബിൾ പറയുന്നില്ല.

മരണത്തിനുള്ള പാപം ചെയ്താൽ പിന്നീട് മാനസാന്തരത്തിനുള്ള വഴി ഇല്ല എന്നാണ് ബൈബിൾ പറയുന്നത് (1 യോഹ. 5:16; എബ്രാ. 6:4-8). പക്ഷേ, മരണത്തിനല്ലാത്ത പാപം ചെയ്യുന്ന വിശ്വാസിക്ക് പാപമോചനം പ്രാപിക്കുവാൻ രണ്ടു വഴികളുണ്ട്. വിശ്വാസി സ്വയം തെറ്റുതിരുത്തുകയും മാനസാന്തരപ്പെടുകയും ചെയ്യുക. ദൈവത്തോടു ചെയ്ത തെറ്റുകൾ ദൈവത്തോടും മനുഷ്യരോടു ചെയ്ത തെറ്റുകൾ മനുഷ്യരോടും ഏറ്റുപറയണം. അതിന് തയ്യാറാകാത്തവരെ ദൈവം ബാലശിക്ഷ നൽകി ശുദ്ധീകരിക്കും (1 കൊരി. 11:31,32).

നിരന്തരം പാപം ചെയ്തിട്ടും ഒരു വിധത്തിലുള്ള ശിക്ഷയും ചിലർക്ക് ലഭിക്കുന്നില്ല. എന്തുകൊണ്ട്? അതിന്റെ ഉത്തരം ലഭിക്കുവാൻ എബ്രാ. 12:5-10 ശ്രദ്ധിച്ചു വായിക്കുക. അവിടെ രണ്ടുതരം മക്കളെക്കുറിച്ച് പറയുന്നുണ്ട്. അപ്പൻ ശിക്ഷിക്കുന്ന മകനും, അപ്പൻ ശിക്ഷിക്കാത്ത മകനും. ദൈവമക്കളെ ദൈവം ശിക്ഷിക്കുന്നു. കാരണം, അവർ ഈ ലോകത്തോടുകൂടി ശിക്ഷാവിധി പ്രാപിക്കേണ്ടവരല്ല. എന്നാൽ കൗലടേയനെ (ജാരസന്തതിയെ) ദൈവം ശിക്ഷിക്കുന്നില്ല.

ദൈവസഭയിൽ രണ്ടുതരം ആളുകളുണ്ട്. ദൈവമക്കളും ജാരസന്തതികളും. രക്ഷിക്കപ്പെട്ടവരാണ് ദൈവമക്കൾ. രണ്ടുതരക്കാരും തെറ്റുകൾ ചെയ്യും. പക്ഷേ, ദൈവമക്കൾ തെറ്റു തിരുത്തും. അഥവാ തിരുത്തിയില്ലെങ്കിൽ പിതാവായ ദൈവം അവർക്ക് ബാലശിക്ഷ കൊടുക്കും. കാരണം, അവർക്ക് മറ്റൊരു ശിക്ഷാവിധി ഇല്ല.

എന്നാൽ ജാരസന്തതി മാനസാന്തരപ്പെടുകയില്ല. മാനസാന്തരം എന്നാൽ എന്ത് എന്ന് അവർക്ക് അറിഞ്ഞുകൂടാ. എങ്കിലും ദൈവം അവരെ ശിക്ഷിക്കയില്ല. കാരണം അവർ ഈ ലോകത്തോടുകൂടി ശിക്ഷാവിധി പ്രാപിക്കാനുള്ളവരാണ്. അവരെ ഇവിടെവെച്ച് ശിക്ഷിച്ചാൽ അന്ത്യന്യായവിധി ദിവസം വീണ്ടും ശിക്ഷിക്കുന്നതെങ്ങനെ? ഒരു തെറ്റിന് രണ്ടുവട്ടം ശിക്ഷിക്കാൻ പറ്റില്ലെന്ന് നാം കണ്ടുകഴിഞ്ഞു.

നിരന്തരം പാപം ചെയ്തിട്ടും ഒരാൾക്ക് ശിക്ഷ ലഭിക്കുന്നില്ലെങ്കിൽ സൂക്ഷിക്കുക: അയാൾ ദൈവപൈതലല്ല, (ആത്മീയ) ജാതസന്തതിയാണ്.

# ദൈവത്തിന്റെ മൺവെട്ടി



"കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കും കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും" (ലൂക്കോ. 6:38).

തന്റെ കൃഷിയിടത്തിൽ രാപ്പകൽ അദ്ധ്വാനിച്ചാണ് ആ കൃഷിക്കാരൻ തന്റെ ഭാര്യയെയും എട്ടു മക്കളെയും പോറ്റിയിരുന്നത്. ദൈവഭക്തരായ അവർ ആത്മീയകാര്യങ്ങളിൽ വളരെ തല്പരരായിരുന്നു. അവരുടെ കുടുംബപ്രാർത്ഥനാ സമയം ദൈവിക സന്തോഷം നിറഞ്ഞതായിരുന്നു. മക്കളുടെ പാട്ടും ചിരിയും എപ്പോഴും ആ ഭവനത്തിൽ നിന്ന് ഉയർന്നിരുന്നു.

അവരുടെ അയൽവാസി വലിയ ധനികനായ ഒരു മനുഷ്യനായിരുന്നു. അയാൾക്ക് ഒരു ചെറിയ കുടുംബമായിരുന്നെങ്കിലും ഭവനത്തിൽ സന്തോഷവും സമാധാനവും ഉണ്ടായിരുന്നില്ല. ഒരുദിവസം സമ്പന്നനായ മനുഷ്യൻ പാവപ്പെട്ട കൃഷിക്കാരനോട് ചോദിച്ചു. 'താങ്കൾ എങ്ങനെയാണ് ഈ വലിയ കുടുംബത്തെ പോറ്റിപുലർത്തി അവിടെ സന്തോഷവും സമാധാനവും നിലനിർത്തുന്നത്? ആ ദരിദ്രമനുഷ്യൻ മറുപടി നൽകി. 'എനിക്ക് കർത്താവിന് നൽകാൻ കഴിയുന്നതെല്ലാം നൽകുന്നു.'

ഞാനെന്റെ ചെറിയ മൺവെട്ടി ഉപയോഗിച്ച് കോരുന്നതെല്ലാം കർത്താവിന്റെ പാത്രത്തിലേക്കു ഇടുന്നു. ഞാൻ കോരിയിട്ടതിന്റെ ബാക്കിഭാഗം കർത്താവ് തന്റെ മൺവെട്ടി ഉപയോഗിച്ച് നിറയ്ക്കുന്നു. കർത്താവിന്റെ മൺവെട്ടി എന്റേതിനെക്കാൾ വളരെ വലുതാണ് എന്നുള്ളതാണ് പ്രധാന വ്യത്യാസം.

'എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങിവരുന്നു. അവന്നു മാറ്റമോ മാറ്റത്തിന്റെ ലാഞ്ഛനയോ ഇല്ല' (യാക്കോ. 1:17).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# സുബോധമില്ലാത്ത സ്ത്രീകൾ



**ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ വസ്ത്രം ധരിച്ചും സുബോധം പൂണ്ടും യേശുവിന്റെ കാൽക്കൽ ഇരിക്കുന്നതു കണ്ടു (ലൂക്കോ. 8:35).**

അലമുറയ്ക്കും അട്ടഹാസത്തിനും ഹൈടെക് സംഗീതമെന്ന് പേരിട്ട് ഉടയാടകൾ ഉരിഞ്ഞ് ഉടൽ ഇളക്കുന്നതിന് നൃത്തം എന്നു പേരിട്ട് ലഹരിയിൽ പുളയുന്ന-ഭോഗാലസരായി ഭ്രാന്തൻ സംസ്കാരത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന ഒരു സമൂഹത്തിനുമുന്നിൽ കക്ഷവും തുടകളും മുഴുപ്പും തഴുപ്പും ഒക്കെ പ്രദർശിപ്പിക്കുന്ന പോസ്റ്റ് മോഡേൺ വേഷങ്ങൾ ധരിച്ച് സാംസ്കാരികാഭാസം നടത്തുന്നതിനെ വിമർശിക്കുമ്പോൾ എന്തുവേഷം ധരിക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നത് സാംസ്കാരിക ഫാസിസമാണെന്ന ആക്ഷേപം ഉണ്ടാകാം. പടിഞ്ഞാറുനിന്നും കിഴക്കോട്ടുവീശുന്ന യന്ത്രക്കാറ്റിൽ അരാജകത്വത്തിന്റെ വിത്തുകൾ ഉണ്ടെന്നും സ്ഥിതപ്രജ്ഞരായിരിക്കണമെന്നും പറയുമ്പോൾ പരിഹാസത്തിന്റെ ഇംഗ്ലീഷ് വാക്കുമായി പ്രതിരോധിക്കാൻ ഇവിടെ ആളുണ്ട്. അതിനാൽ വിഷയം സ്വർഗ്ഗസീയോനിലേക്ക് യാത്ര ചെയ്യുന്ന സഹോദരിമാരിൽ ഒതുക്കി നിർത്തുന്നു.

മറഞ്ഞിരിക്കേണ്ട ഭാഗങ്ങൾ മറനീക്കി പ്രദർശിപ്പിക്കാനുള്ള സഹോദരിമാരുടെ ഫാഷൻ ജ്വരം അപകടമുണ്ടാക്കുന്നതാണെന്ന കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. ബ്ലൗസിന്റെ ഓരോ കോണും ഓരോ ദിവസവും വെട്ടിക്കുറയ്ക്കുകയും ഇതിനായി കഴിയുന്നത്ര കട്ടികുറഞ്ഞ വസ്ത്രങ്ങൾ ഉപയോഗിക്കുകയും അടിവസ്ത്രങ്ങളുടെ ശോഭ നാട്ടുകാരെ കാണിച്ചേ അടങ്ങൂ എന്ന വാശിയും പരിഷ്ക്കാരം എന്ന പേർ ചാർത്തി നീതീകരിക്കാനാവില്ല. അച്ചടക്കവും ആഭിജാത്യവും പുലർത്തേണ്ട ക്രിസ്തീയ സഹോദരിമാർ സുബോധമില്ലാതെ നഗ്നതാപ്രദർശനത്തിലേക്ക് തിരിയുന്നത് കാണുമ്പോൾ ലജ്ജതോന്നുന്നു. മിതമായി പറഞ്ഞാൽ ഇത് ധിക്കാരമാണ്, അല്പത്വമാണ്. സമ്പത്തിന്റെ അധമത്വവും അടിമത്വവുമാണ്. പ്രിയസഹോദരിമാരെ, ഇത് ഇന്ത്യയാണ് അമേരിക്കയല്ല. അമേരിക്കൻ സംസ്ക്കാരം മാന്യതയുടെ സംസ്ക്കാരമല്ല. അത് ക്രിസ്തീയവുമല്ല.

വയറും പുറകുവശവും തരിശായിട്ടിട്ടിരിക്കുന്നതും പുക്കിൾ കാണത്തക്കവണ്ണം താഴ്ത്തി സാരിയുടുക്കുന്നതും മാറിടം കാണത്തക്കവിധം ബ്ലൗസിന്റെ കഴുത്ത് താണ് ഇറക്കം കുറഞ്ഞിരിക്കുന്നതും ബ്ലൗസിന്റെ അടിയിലൂടെ അടിവസ്ത്രം കാണുന്നതും ആഭാസന്മാർക്ക് ആകർഷകമാണെങ്കിലും ദൈവമക്കൾക്ക് അത് യോജിച്ചതല്ല.

ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ ദൈവം അവരെ തോൽകൊണ്ടുള്ള വസ്ത്രം ധരിപ്പിച്ചതിന് പ്രത്യേക ഉദ്ദേശം ഉണ്ടായിരുന്നു. പാപം ചെയ്തതുമൂലം മനുഷ്യൻ തന്റെ വിശുദ്ധിയും നിഷ്ക്കളങ്കതയും നഷ്ടപ്പെടുത്തിയതിനാൽ നഗ്നാവസ്ഥ അവനു കണിയായിതീരും എന്ന് ദൈവം അറിഞ്ഞിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ള ഭൂതഗ്രസ്തനായ മനുഷ്യൻ വസ്ത്രം ധരിക്കാതെ ചുറ്റി നടന്നതായി കാണുന്നു. എന്നാൽ യേശുക്രിസ്തു ഭൂതങ്ങളെ അവനിൽ നിന്ന് ഓടിക്കുകയും അവനെ സൗഖ്യമാക്കുകയും ചെയ്തപ്പോൾ അവനിൽ വന്ന മാറ്റം കാണുക. അവൻ സുബോധമുള്ളവനായി വസ്ത്രം ധരിച്ചുകൊണ്ട് യേശുവിന്റെ പാദത്തിൽ ഇരുന്നു. സുബോധം വന്നതോടെ അവന്റെ നഗ്നാവസ്ഥ അവൻ ഉപേക്ഷിച്ചു. ദൈവം വേദപുസ്തകത്തിലൂടെ തന്നിരിക്കുന്ന ആലോചനകളും ഉപദേശങ്ങളും തള്ളികളഞ്ഞതാണ് ധാർമ്മിക നിലവാരം ഇത്രയധികം അധഃപതിക്കുവാൻ കാരണം.

അടക്കോതുക്കത്തോടുകൂടിയുള്ള വസ്ത്രം ധരിക്കുകയും നമ്മുടെ തലമുറയെ ആ വഴിയിൽ നടക്കാൻ നാം അഭ്യസിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതിന്റെ ശിക്ഷ ഏറെ താമസിക്കയില്ല. മറ്റൊരാളിന്റെ ഹൃദയത്തിൽ മൃദുലവികാരങ്ങൾ ഉണർത്തുവാൻ വസ്ത്രധാരണം ഇടയാക്കുമോ എന്ന് വസ്ത്രം ധരിച്ചതിനുശേഷം കണ്ണാടിയിൽ നോക്കി സ്വയം ശോധന ചെയ്യുക. അങ്ങനെയാണെങ്കിൽ ഉടനെ തിരുത്തുക.

വചനപ്രകാരം ജീവിക്കുന്നു എന്ന് അവകാശപ്പെടുന്നവർ ഒതുക്കമുള്ള മാന്യമായ വസ്ത്രം ധരിക്കയും ധാർമ്മികനിലവാരം സൂക്ഷിക്കുകയും ചെയ്യേണ്ടതാവശ്യം. യോഗ്യമായ വസ്ത്രം ധരിച്ചുകൊണ്ടുള്ള വിനീതമായ നടപ്പ് സൽസ്വഭാവത്തോടു വളരെ ബന്ധപ്പെട്ടതാണ്. ലജ്ജാശീലവും സുബോധവും അന്യപ്പെടുത്തിയാൽ ധാർമ്മികാധഃപതനം നിശ്ചയമാണ്.



# സ്ത്രീ-പുരുഷ സമത്വം



സ്ത്രീ-പുരുഷ സമത്വ ചിന്തകൾ ആവേശത്തോടെ ജ്വലിച്ചുയരുന്ന കാലഘട്ടമാണിത്. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-നിയമപരമായ സ്ത്രീശാക്തീകരണം ലോകത്തെവിടെയുമിന്ന് ചർച്ചാവിഷയം തന്നെ.

പുരുഷ മേധാവിത്വം നിലനിന്നുപോന്നിരുന്ന പ്രവർത്തനമേഖലകളിലെല്ലാം സ്ത്രീകളിന്ന് അവരുടെ സാന്നിധ്യം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കല, സാഹിത്യം, നിയമം, ഭരണം, രോഗചികിത്സ, രാഷ്ട്രീയം, സൈനിക സേവനം, സർവകലാശാലകൾ, ഗവേഷണം, പത്രപ്രവർത്തനം, സാഹിത്യം, സിനിമ, പരിസ്ഥിതി പ്രവർത്തനം തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകളുടെ സാന്നിധ്യം വളരെ സജീവമാണ്. കേരളത്തിലെ സ്ത്രീകളും അവരുടെ വ്യത്യസ്ത മേഖലകളിലുള്ള അസാമാന്യ വൈഭവവും പ്രബുദ്ധതയും തെളിയിച്ചുകഴിഞ്ഞു.

സൃഷ്ടികർമ്മത്തിന് പൂർണത നൽകാൻ സ്രഷ്ടാവ് രൂപകൽപന ചെയ്ത സൃഷ്ടിരൂപമാണ് സ്ത്രീ. സ്ത്രീത്വത്തിന്റെ മഹനീയത നിറവേറ്റപ്പെടുമ്പോഴാണ് മനുഷ്യജീവിതം പൂർണമാകുന്നത്. ഓരോ സ്ത്രീയുടെയും സൃഷ്ടിക്കു പിന്നിലുള്ള സ്രഷ്ടാവിന്റെ ഉദ്ദേശം അവൾ പൂർണ അമ്മയാവുക എന്നുള്ളതാണ്. അതിനുതകുന്ന ശരീരഘടനയാണ് അവൾക്കുള്ളത്. ഈ സ്ത്രീത്വഗുണമാണ് അവളെ വ്യത്യസ്തയാക്കുന്നത്. ഒരു കുഞ്ഞിന് ജന്മം നൽകുന്നതിലൂടെ അവൾ ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ മഹത് കർമ്മമാണ് നിർവഹിക്കുന്നത്. മനുഷ്യകുലം തന്നെ നിലനിൽക്കുന്നത് ഈ മഹത്കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്. സ്ത്രീത്വത്തിന്റെ മഹനീയതയ്ക്ക് ഇതിൽക്കൂടുതൽ എന്തുവേണം?



ഭാര്യയെകൊണ്ട് ഭർത്താവും ഭർത്താവിനെകൊണ്ട് ഭാര്യയും സന്തോഷമനുഭവിക്കുന്നിടത്തു മാത്രമേ ശാശ്വത ശ്രേയസിനു സ്ഥാനമുള്ളൂ. സ്ത്രീക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കാൻ കഴിയുന്ന ഒരു സമൂഹത്തിനു മാത്രമേ പരിഷ്കൃത സമൂഹം എന്ന് അവകാശപ്പെടാനാകൂ. നമ്മുടെ ഭരണഘടന മൗലികാവകാശങ്ങളിലുൾപ്പെടുത്തി സ്ത്രീക്കും പുരുഷനും തുല്യസ്ഥാനം നൽകുന്നു. സ്ത്രീകളുടെ അഭിമാനവും അന്തസും ഉയർത്തിപ്പിടിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളത് ഓരോ പൗരന്റെയും കടമയാണെന്ന് ഭരണഘടന നമ്മെ ഓർമപ്പെടുത്തുന്നു.

അതുപോലെ മഹാത്മാഗാന്ധി പറയുന്നു: എല്ലാ അർത്ഥത്തിലും സ്ത്രീക്കാണ് കുടുംബത്തിന്റെ സംരക്ഷണ ചുമതല. ഇളംതലമുറയെ വളർത്തിയെടുക്കുന്ന കൃത്യവും അവളുടേത് മാത്രമായ പ്രത്യേക അധികാരവും അവകാശവുമാണ്. അവളുടെ ശ്രദ്ധാപൂർവമായ പരിചരണമില്ലെങ്കിൽ മനുഷ്യവംശം നശിക്കുകതന്നെ ചെയ്യും (ഹരിജൻ, 24.02.1940).

സ്ത്രീയും പുരുഷനും ചേരുമ്പോഴാണ് മനുഷ്യത്വം പൂർണമാകുന്നത്. ഇവ രണ്ടും പരസ്പരം പോരടിച്ച് വ്യത്യസ്ത ഇടങ്ങളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുമ്പോഴാണ് പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥക്കുതന്നെ താളം തെറ്റുന്നത്. ഇന്നത്തെ സ്ത്രീവിമോചന വാദികളിൽ ചിലരെങ്കിലും ശ്രമിക്കുന്നത് ഇതിനല്ലേ? പുരുഷനെപ്പോലെയാകാനും പുരുഷൻ ചെയ്യുന്ന ജോലികൾ ചെയ്യുന്നതുമാണ് ശാക്തീകരണം എന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കുന്നു. ഇതിലൂടെ അവർ ശാക്തീകരിക്കപ്പെടുകയല്ല തന്റെ അസ്ഥിത്വം വികലമാക്കുകയാണ് എന്ന സത്യം ചിലരെങ്കിലും മറന്നുപോകുന്നു. സ്ത്രീ സ്ത്രീയായും, പുരുഷൻ പുരുഷനായും ജീവിക്കുന്നിടത്താണ് ശാക്തീകരണം സാധ്യമാവുക. സ്ത്രീയും പുരുഷനും തമ്മിലുള്ള ശാരീരിക-മാനസിക-ആത്മീയ മേഖലകൾ വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ വ്യത്യസ്തതകൾ അനിവാര്യമാണ്. ഒന്ന് മറ്റൊന്നിനെക്കാൾ മെച്ചമോ മോശമോ ആകാൻ വേണ്ടിയല്ല, മറിച്ച് പരസ്പര പൂരകങ്ങളായി തങ്ങളുടെ ദൗത്യം നിർവ്വഹിച്ച് മാനവപുരോഗതി സാധ്യമാക്കുകയാണ് വേണ്ടത്.

പണമുണ്ടാക്കാനും, സാമ്പത്തികശേഷി ഉറപ്പാക്കാനും സ്ത്രീകളുടെ സഹകരണം തീർച്ചയായും നല്ലതുതന്നെ. പക്ഷേ, ഇണയാകാനും തുണയാകാനും അമ്മയാകാനും മക്കളെ വളർത്താനുമുള്ള ദൗത്യത്തെ മറന്ന് സാമ്പത്തിക ഭദ്രത മാത്രം ലക്ഷ്യം വച്ച് ജീവിക്കുമ്പോൾ കുടുംബത്തിന്റെ സുസ്ഥിതിക്ക് ഭംഗം വരുന്നു. ഇളംതലമുറയെ ധാർമ്മികതയിലും മൂല്യബോധ നിഷ്ഠയിലും വളർത്താതെ വരുമ്പോൾ സമൂഹത്തിൽ അതിക്രമങ്ങൾ പെരുകുകയും ജീവിതം ദുസഹമാകുകയും ചെയ്യും. വ്യക്തികളെ അംഗീകരിക്കാനും മാനിക്കാനും സ്നേഹിക്കാനും ഉള്ള കാഴ്ചപ്പാട് ചെറുപ്രായത്തിൽതന്നെ നമ്മുടെ മക്കൾക്കു നൽകി വളർത്തുന്നത് ലോകത്തിന് നൽകാവുന്ന ഏറ്റവും വലിയ സംഭാവനയാകും.

ഒരു പെൺകുട്ടി അമ്മയാകുന്നതോടെ അവൾക്ക് സ്വാധീനം ചെലുത്താനുള്ള മേഖലകളും വിപുലമാകുന്നു. അവൾ ഇടപെടുന്ന ഇടങ്ങളിലെല്ലാം ക്രിയാത്മകമായ മാറ്റത്തിന് തിരിതെളിക്കാൻ അവൾക്കു കഴിയും. അതിനു തുടക്കം എന്ന നിലയിൽ സ്വന്തം കുടുംബത്തിൽ അംഗീകാരം നേടിയെടുക്കാൻ ഓരോ സ്ത്രീയും ശ്രമിക്കേണ്ടിയിരിക്കുന്നു. അവിടെ പുരോഗതിയുടെ വിളക്കായി മാറാൻ സ്ത്രീക്ക് സാധിക്കണം. വിവേകത്തോടെ കുടുംബത്തെ രക്ഷിച്ച് സമൂഹത്തിൽ മാതൃക കാട്ടുമ്പോൾ സമൂഹം ആദരിക്കുകയും പങ്കാളിത്വം ഉറപ്പാക്കുകയും ചെയ്യും.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ശപിക്കാതെ ക്ഷമിക്കുവാൻ

**1841** മാർച്ച് മാസത്തിലാണു സോളമൻ നോർത്തപ് എന്ന ചെറുപ്പക്കാരൻ അടിമയാക്കപ്പെട്ടത്. 32 വയസായിരുന്നു അദ്ദേഹത്തിനപ്പോൾ. ഭാര്യയോടും മൂന്നു കുട്ടികളോടുമൊപ്പം ന്യൂയോർക്ക് സംസ്ഥാനത്തെ സരട്ടോഗ സ്പ്രിംഗ്സിലാണ് അദ്ദേഹം താമസിച്ചിരുന്നത്. ആശാരിപ്പണിയായിരുന്നു അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം. വയലിൻ വായനയിൽ നിപുണനായിരുന്ന നോർത്തപ് നല്ലൊരു പാട്ടുകാരനുമായിരുന്നു. തന്മൂലം വയലിൻ വായിച്ചും പാട്ടുപാടിയുമൊക്കെ അദ്ദേഹത്തിന് കൂടുതൽ വരുമാനമുണ്ടാക്കാൻ സാധിച്ചിരുന്നു.



ഒരു ദിവസം നോർത്തപ്പിനെ കാണുവാൻ രണ്ടുപേർ എത്തി. സർക്കസു കമ്പനികളുടെ പ്രതിനിധികളായിട്ടാണ് അവർ സ്വയം പരിചയപ്പെടുത്തിയത്. വയലിനിസ്റ്റും ഗായകനുമായ നോർത്തപ്പിന്റെ സേവനം രണ്ടാഴ്ചത്തേക്ക് അവർ ആവശ്യപ്പെട്ടു. സർക്കസിൽ വയലിൻ വായിച്ചു പാട്ടുപാടുന്നതിന് ആകർഷകമായ പ്രതിഫലവും അവർ വാഗ്ദാനം ചെയ്തു.

അവരുടെ മോഹന വാഗ്ദാനങ്ങളിൽ ആകർഷിതനായ നോർത്തപ് ഉടനെ തന്നെ അവരോടൊപ്പം യാത്ര പുറപ്പെട്ടു. ഭാര്യ ജോലിക്കു പോയിരുന്നതുകൊണ്ടു വീട്ടിലെത്തി യാത്ര പറയുന്നത് അപ്പോൾ പ്രായോഗികമായിരുന്നില്ല. അവർ അദ്ദേഹത്തെ ആദ്യം ന്യൂയോർക്ക് നഗരത്തിലേക്കും പിന്നീടു വാഷിംഗ്ടൺ ഡി.സിയിലേക്കും കൊണ്ടുപോയി.




വാഷിംഗ്ടൺ ഡി.സിയിലെത്തിയപ്പോൾ അവർ നോർത്തപ്പിനെ ഒരു ഹോട്ടലിൽ കൊണ്ടുപോയി ശരിക്കും സൽക്കരിച്ചു. അതോടെ അദ്ദേഹത്തിന്റെ ബോധം പോയി. പിന്നീടു ബോധം വരുമ്പോൾ താൻ ചങ്ങലയാൽ ബന്ധിതനായി അടിമകളുടെ താവളത്തിൽ കിടക്കുന്നതായിട്ടാണു കണ്ടത്. സഹായത്തിനായി നോർത്തപ് അലറി വിളിച്ചു. എന്നാൽ വിളി കേട്ടെത്തിയവർ നോർത്തപ്പിനെ മർദിച്ചവശനാക്കുകയാണു ചെയ്തത്. താൻ അടിമയല്ലെന്നും സ്വതന്ത്രനായ അടിമയുടെ മകനായി ജനിച്ച സ്വതന്ത്രനാണ് എന്നും പറഞ്ഞിട്ടും ആരും നോർത്തപ്പിനെ ശ്രവിച്ചില്ല.

സർക്കസിൽ പാട്ടുപാടാൻ അവസരം നൽകാമെന്നു പറഞ്ഞു നോർത്തപ്പിനെ വിളിച്ചുകൊണ്ടുപോയവർ അടിമക്കച്ചവടം നടത്തുന്നവരായിരുന്നു. അക്കാലത്ത് അമേരിക്കയുടെ വടക്കൻ സംസ്ഥാനങ്ങളിൽ അടിമവ്യവസ്ഥിതി നിരോധിക്കപ്പെട്ടിരുന്നെങ്കിലും തെക്കൻ സംസ്ഥാനങ്ങളിൽ അടിമവ്യവസ്ഥിതി നിലനിന്നിരുന്നു. ആ സാഹചര്യം മുതലെടുത്താണു വടക്കൻ സംസ്ഥാനങ്ങളിൽ നിന്നും കറുത്ത വംശജരെ തട്ടിക്കൊണ്ടു വന്നു തെക്കൻ സംസ്ഥാനങ്ങളിൽ അടിമകളായി വിറ്റിരുന്നത്.

നോർത്തപ്പിനെ അടിമയാക്കിയവർ അദ്ദേഹത്തിനു പ്ലാറ്റ് എന്ന ഒരു പുതിയ പേരു നൽകി. തന്റെ പഴയ പേരും പശ്ചാത്തലവും പുറത്തുപറഞ്ഞാൽ കൊന്നുകളയുമെന്നും ഭീഷണി മുഴക്കി. നോർത്തപ്പിനെ വാഷിംഗ്ടണിൽ നിന്നും കപ്പൽ മാർഗം അവർ ലൂസിയാനയിലെ ന്യൂ ഓർലിയൻസിലെത്തിച്ചു. അവിടെ വച്ച് 650 ഡോളറിനു നോർത്തപ്പിനെ അവർ അടിമയായി വിറ്റു. ലൂയീസിയാന അക്കാലത്ത് അടിമക്കച്ചവടത്തിന്റെ ഒരു കേന്ദ്രമായിരുന്നു.

നോർത്തപ്പിനെ വാങ്ങിയ ആൾ വില്യം ഫോർഡ് എന്ന കൃഷിക്കാരനായിരുന്നു. അയാൾ സാമാന്യം മാന്യമായിട്ടാണു നോർത്തപ്പിനോടു പെരുമാറിയത്. എന്നാൽ ഫോർഡിന്റെ കൈകളിൽ നിന്നും നോർത്തപ്പിനെ വാങ്ങിയ എഡ്വിൻ എപ്സ് എന്ന മുതലാളി അതിക്രൂരനായിരുന്നു. അയാൾ നോർത്തപ്പിനെ പലപ്പോഴും മർദിച്ചു. ഇതിനിടയിൽ അവിടെനിന്നു രക്ഷപ്പെടുവാനുള്ള വഴികൾ നോർത്തപ് ആരാഞ്ഞു. സ്വാതന്ത്ര്യം നേടുവാൻ സഹായിക്കാമെന്നു വാഗ്ദാനം ചെയ്ത ഒരാൾ നോർത്തപ്പിനെ ചതിച്ചുവെങ്കിലും മറ്റൊരാൾ നോർത്തപ് എഴുതിയ കത്ത് അദ്ദേഹത്തിന്റെ ബന്ധുക്കളുടെ കൈവശം എത്തിച്ചു.

നോർത്തപ് അടിമയായി ലൂയിസിയാനയിൽ കഴിയുന്നു എന്ന വിവരമറിഞ്ഞ ന്യൂയോർക്ക് ഗവർണർ നോർത്തപ്പിനെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങനെയാണു 12 വർഷം നീണ്ടുനിന്ന അടിമജീവിതത്തിനു ശേഷം 1853 ജനുവരി നാലിനു നോർത്തപ് സ്വതന്ത്രനായത്.

നോർത്തപ് സ്വതന്ത്രനായി അധികം താമസിയാതെ താൻ അടിമയായി കഴിഞ്ഞ നാളുകളെക്കുറിച്ച് ഒരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. ട്വൽവ് ഇയേഴ്സ് എ സ്ലേവ് എന്ന പേരിലെഴുതിയ നോർത്തപ്പിന്റെ ആത്മകഥ അക്കാലത്തെ ഒരു ബെസ്റ്റ് സെല്ലറായിരുന്നു. ഈ പുസ്തകത്തെ ആധാരമാക്കി 2013-ൽ ഒരു സിനിമ പുറത്തിറങ്ങുകയുണ്ടായി. ഓസ്കാർ അവാർഡുകൾ നേടിക്കൊടുത്ത ഈ സിനിമ ബോക്സ് ഓഫീസിലും വൻ വിജയമായിരുന്നു.

സ്വതന്ത്രപൗരനായിരുന്ന നോർത്തപ്പ് സന്തോഷകരമായ കുടുംബജീവിതം നയിച്ചിരുന്ന അവസരത്തിലാണ് അദ്ദേഹം അടിമയാക്കപ്പെട്ടതും അതികഠിനമായി മർദിക്കപ്പെട്ട് അടിമവേല ചെയ്യേണ്ടിവന്നതും. എന്നാൽ തന്റെ ദുരിതങ്ങളുടെ മധ്യത്തിലും പ്രതീക്ഷ കൈവിടാതെ ജീവിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. എന്നു മാത്രമല്ല തനിക്കുണ്ടായ കഷ്ടനഷ്ടങ്ങളോർത്ത് അതിനു കാരണക്കാരായവരെയോ തന്നെത്തന്നെയോ ശപിക്കുന്നതായി അദ്ദേഹത്തിന്റെ ആത്മകഥയിൽ നാം കാണുന്നില്ല.

നോർത്തപ്പിന്റെ യജമാനനായിരുന്ന വില്യം ഫോർഡ് താരതമ്യേന കാരുണ്യമുള്ള ആളായിരുന്നു എങ്കിൽ പോലും തനിക്കു ധനനഷ്ടമുണ്ടാകാതിരിക്കാൻ വേണ്ടി നോർത്തപ്പിനെ മറ്റൊരാൾക്കു വിൽക്കുവാൻ തയാറായി. ഫോർഡ് വിൽപ്പനയ്ക്ക് ഒരുമ്പെട്ടപ്പോൾ തന്നെ വിൽക്കരുതെന്നു നോർത്തപ് യാചിച്ചതാണ്. എന്നാൽ, ഫോർഡ് ആ യാചന കൈക്കൊണ്ടില്ല.

ഫോർഡ് വിലകൊടുത്തു വാങ്ങിയ നോർത്തപ്പിനെ മറ്റൊരാൾക്കു വിറ്റപ്പോൾ പോലും നോർത്തപ് ഫോർഡിനെ കുറ്റം വിധിക്കാതെ ന്യായീകരിക്കുകയാണു ചെയ്തത്. സാഹചര്യങ്ങൾ മൂലം ഫോർഡ് അന്ധനായിപ്പോയി എന്നാണ് ഫോർഡിനെ ന്യായീകരിച്ചുകൊണ്ടു നോർത്തപ്പ് എഴുതിയിരിക്കുന്നത്.

നോർത്തപ്പ് ഫോർഡിന്റെ അടിമയാക്കപ്പെട്ടപ്പോൾ സാധാരണഗതിയിൽ നോർത്തപ്പ് തന്റെ യജമാനനെ വെറുക്കേണ്ടതായിരുന്നു. എന്നാൽ, നോർത്തപ്പ് അപ്രകാരം ചെയ്തില്ല. നേരെമറിച്ച്, അയാളോടു സഹതപിക്കുകയാണു നോർത്തപ്പ് ചെയ്തത്. അടിമവ്യവസ്ഥിതി ഉപേക്ഷിക്കുവാനും ഫോർഡിനു സാധിക്കുന്നില്ലല്ലോ എന്ന ദുഃഖമായിരുന്നു നോർത്തപ്പിനുണ്ടായിരുന്നത്.

തന്നെക്കൊണ്ട് അടിമപ്പണി ചെയ്യിച്ച മുതലാളിയുടെ കുറ്റം ലഘൂകരിച്ചുകാണുവാൻ തയ്യാറായ നോർത്തപ്പ് എവിടെ? ആരെങ്കിലും നമ്മെ ദ്രോഹിച്ചാൽ അതു പർവ്വതീകരിച്ചുകാണുകയും പ്രതികാരത്തിനായി ദാഹിക്കുകയും ചെയ്യുന്ന നമ്മൾ എവിടെ? നോർത്തപ്പിനെ അടിമയാക്കിയ വെള്ളക്കാരനേക്കാൾ വിവരവും വിശാല മനസ്ഥിതിയും കറുത്ത വംശജനായ നോർത്തപ്പിനുണ്ടായിരുന്നു. അതാണു നോർത്തപ്പിന്റെ മഹത്വവും.

നമുക്കു വേണ്ടത് ഇതേ രീതിയിലുള്ള മനോഭാവമാണ്. ആരെങ്കിലും നമ്മെ ദ്രോഹിച്ചാൽ അവരെ നശിപ്പിക്കാനല്ല നാം നോക്കേണ്ടത്. പ്രത്യുത അവരുടെ അജ്ഞതയും വിവരക്കേടുമോർത്ത് അവരോടു സഹതപിക്കുകയും അവരെ ആ തെറ്റിൽ നിന്നു മോചിപ്പിക്കുവാൻ ശ്രമിക്കുകയുമാണു വേണ്ടത്. പക്ഷേ, അതു സാധിക്കണമെങ്കിൽ മറ്റുള്ളവരോടു ക്ഷമിക്കുവാനുള്ള വലിയ സന്നദ്ധതതന്നെ നമുക്കു വേണം.

---



# സ്നേഹത്തിന്റെ നിഷേധം

**അ**യാളുടെ ഭാര്യ ആഷ്‌ലിയുടേതാണ് പരാതി. ആഷ്‌ലി അയാളുടെ ഭാര്യയായി ജീവിതം തുടങ്ങിയിട്ട് പത്തുവർഷമാകുന്നു. അയാൾ റോയി അഗസ്റ്റ്യൻ. ഡിഗ്രിക്കാരനാണ്. വർഷങ്ങളായി ഇടനിലക്കാരനാണ്. റിയൽ എസ്റ്റേറ്റുകാരൻ റോയി എന്നാണ് നാട്ടിൽ അയാൾ അറിയപ്പെടുന്നത്. നാട്ടുകാർ പറയുംപോലെ പലതും വിലയ്ക്കു വാങ്ങി വിലകൂടുമ്പോൾ മറിച്ചു വിൽക്കാൻ മാത്രം സാമ്പത്തികപ്പൊലിമയൊന്നും അയാൾക്കില്ല. സാധാരണ ബ്രോക്കറെക്കാൾ ഇത്തിരി ഡിഗ്രികൂടിയ ബ്രോക്കർ, അത്രേയുള്ളൂ. ആഷ്‌ലിക്ക് തന്റെ ഭർത്താവായ റോയിയെക്കുറിച്ചുള്ള പരാതി മറ്റൊന്നുമല്ല.

അവളുടെ ഭാഷയിൽ പറഞ്ഞാൽ "റോയിച്ചായന് എന്നോടൊട്ടും സ്നേഹമില്ല." തന്റെ ഭാര്യയുടെ പരിഭവത്തിന് ഉരുളക്കുപ്പേരിയെന്നോണം റോയി പറയുന്ന ഒരു മറുപടിയുണ്ട്. "ഞാൻ ഒന്നു നിലത്തുനിന്നിട്ടു വേണ്ടേ സാറേ, അവളെ സ്നേഹിക്കാൻ." അതെ, റോയിക്ക് സമാധാനമായി ഒന്ന് നിലത്തുനിൽക്കാൻ പലപ്പോഴും കഴിയാറില്ല. ഓട്ടോ ഓട്ടം, അലച്ചിലോട് അലച്ചിൽ. ഏതെങ്കിലുമൊരിടപാട് ആരിൽ നിന്നെങ്കിലുമൊന്നൊത്തു വന്നാലല്ലേ കാശു പത്തു കൈയിൽ വരൂ. റോയിച്ചായന് അത്തരമൊരു കാലം വരുമ്പോൾ താൻ ഭൂമിയിൽ ഉണ്ടാവണ്ടേ എന്നാണ് ആഷ്‌ലിയുടെ ചോദ്യം.

ആഷ്‌ലി ഇത്തരത്തിലൊരു പരിഭവം ഇപ്പോൾ പറയാൻ കാരണമുണ്ട്. കഴിഞ്ഞ ആഴ്ച വീട്ടീന്ന് വഴിലോട്ടിറങ്ങുമ്പോഴാണ് അത് സംഭവിച്ചത്. അശ്രദ്ധകൊണ്ടാണോ മുറ്റത്ത് വെള്ളം കെട്ടിക്കിടന്നതുകൊണ്ടാണോ എന്നറിയില്ല ആഷ്‌ലി ഒന്നെന്നി വീണു, കാലൊന്നുളുക്കി, കൈയുടെ മുട്ടൊന്നു പൊട്ടി. സംഭവം നടക്കുമ്പോൾ റോയി വീട്ടിൽ ഉണ്ടായിരുന്നില്ല. കാര്യമായിട്ടെന്തോ പറ്റിയിട്ടുണ്ടെന്ന വിചാരത്തിൽ അയൽപക്കത്തെ ജോലിയുടെ ഭർത്താവ് ജിമ്മിച്ചനാണ് വണ്ടി വിളിച്ചു തന്റെ ഭാര്യയേയും കൂട്ടി ആഷ്‌ലിയെ ആശുപത്രിയിൽ എത്തിച്ചത്.

ആശുപത്രിയിലേക്ക് പോകുംവഴി ജിമ്മിച്ചന്റെ നിർദ്ദേശപ്രകാരം ജോളിതന്നെയാണ് ആഷ്‌ലി വീണ കാര്യം റോയിയെ അറിയിച്ചത്. താനൊരത്യാവശ്യ യാത്രയിലാണെന്നും ഉടനെ അങ്ങെത്താമെന്നും പറഞ്ഞ റോയി ആശുപത്രിയിൽ എത്തുന്നത് മണിക്കൂറഞ്ച് കഴിഞ്ഞാണ്. ആ നേരംകൊണ്ട് ടെസ്റ്റുകളും ഡ്രസിങ്ങും മറ്റും കഴിഞ്ഞ് ആഷ്‌ലി വീട്ടിലെത്തിയിരുന്നു. തിരിച്ച് വീട്ടിലെത്തിയ റോയി താൻ ഹോസ്പിറ്റലിൽ എത്താൻ വൈകിയതിനെ സംബന്ധിച്ചു മുട്ടാത്തർക്കങ്ങൾ പറഞ്ഞ് തനിക്കു പറ്റിയ വീഴ്ചയിൽനിന്നും തടിയൂരാൻ ശ്രമിച്ചതിനെക്കുറിച്ചും, കാര്യങ്ങൾ അത്രയുമൊക്കെയായിട്ടും തനിക്കെന്തുപറ്റി എന്നു ചോദിക്കാതെ അയാൾ തന്നെത്തന്നെ ന്യായീകരിക്കാൻ മുതിർന്നതിനെക്കുറിച്ചുമാണ് ആഷ്‌ലിയുടെ പരാതി.

ആഷ്‌ലിയുടെ പരാതിയിൽ കഴമ്പില്ലെന്നു പറയാനാവുമോ? ഭാര്യഭർത്താക്കന്മാർ എല്ലാ അവസരങ്ങളിലും തങ്ങളുടെ അവസ്ഥകൾ പരസ്പരം മനസിലാക്കാൻ ശ്രമിക്കേണ്ടതുതന്നെയാണ്. പക്ഷെ, യുദ്ധകാലാടിസ്ഥാനത്തിൽ തിരക്കുകൾ പലതും മാറ്റിവച്ച് അന്യോന്യം കരുതൽ നൽകേണ്ടതും, ഓടി എത്തേണ്ടതുമായ സന്ദർഭങ്ങൾ ഇരുവരുടെയും ജീവിതത്തിൽ അവിചാരിതമായി കടന്നുവരുമെന്നുള്ള കാര്യം ഇരുവരും ഓർത്തിരിക്കേണ്ടതാണ്. അത്തരമൊരു സന്ദർഭമാണ് ആഷ്‌ലിയുടെ ജീവിതത്തിൽ ഉണ്ടായത്.

അതുതന്നെയാണ് പരിഭവത്തിലേക്കും പിന്നെ പരാതിയിലേക്കും ആഷ്‌ലിയെ നയിച്ചതും. അശ്രദ്ധയോടെ ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ബന്ധത്തിൽ സൃഷ്ടിക്കുന്ന ഇത്തരം വിള്ളലുകളാണു ബന്ധതകർച്ചയിലേക്ക് നയിക്കുന്ന അഗാധമായ ഗർത്തങ്ങളായി പിന്നീട് പരിണമിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിലെ സ്നേഹത്തിന്റെ നേരിയ പ്രകടനങ്ങൾ പോലും ഇരുവരുടെയും ദാമ്പത്യബന്ധത്തെ സംബന്ധിച്ച് അങ്ങേയറ്റം വിലയുള്ളതാണ്. നേരെമറിച്ച്, സ്നേഹത്തിന്റെ നിഷേധമാണ് നടക്കുന്നതെങ്കിൽ അതിന് ഇരുവരും വലിയ വില നൽകേണ്ടിവരുമെന്നതും ഓർത്തിരിക്കേണ്ടതാണ്.

---

**പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക**



# വേദാഭിമാനിയുടെ മറുപടി

***വിലാപങ്ങളുടെ പുസ്തകത്തെക്കുറിച്ച് പ്രത്യേകിച്ച് പഠനങ്ങളോ പ്രസംഗങ്ങളോ കാണാനില്ല. ആരും അത് വായിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നില്ല. ബൈബിൾ ഡിക്ഷണറിയിലും തൃപ്തികരമായ വിശദീകരണം കാണുന്നില്ല. ഈ പുസ്തകത്തിന്റെ പ്രസക്തി എന്തെന്ന് വ്യക്തമാക്കുമല്ലോ.***

***മാത്യു കെ. ഫിലിപ്പ്, ചേന്നമറ്റം, പാമ്പാടി, കോട്ടയം***

ഓർക്കേണ്ടതിന് എഴുതിയതാണ് വിലാപങ്ങളുടെ പുസ്തകം. നമുക്ക് അതിന്റെ മറക്കാനാകാത്ത സ്വഭാവരീതിയും ഉള്ളടക്കവും പരിഗണിക്കാം.

അഞ്ച് പദ്യങ്ങളടങ്ങുന്ന വിലാപങ്ങൾ. നാലെണ്ണം ഗൂഢാലങ്കാരശ്ലോകങ്ങളാണ്; അതായത്, ഓരോ വാക്യവും വ്യത്യസ്ത എബ്രായ അക്ഷരത്തിൽ തുടങ്ങി, അക്ഷരമാല ക്രമത്തിലാണ് പുരോഗമിക്കുന്നത്. അദ്ധ്യായങ്ങൾ, 1 ലും, 2 ലും, 4 ലും ഓരോന്നിലും ഇരുപത്തിരണ്ടു വാക്യങ്ങളുണ്ട്, എബ്രായ അക്ഷരമാലയിലെ ഓരോ അക്ഷരവും ഓരോ വാക്യത്തിലുമുണ്ട്. അദ്ധ്യായം മൂന്നിൽ ഓരോ അക്ഷരത്തിലും മൂന്നു വാക്യങ്ങളുണ്ട്. അങ്ങനെ മൊത്തം അറുപത്തിയാറു വാക്യങ്ങൾ. അദ്ധ്യായം 5-ൽ ഇരുപത്തിരണ്ട് വാക്യങ്ങളുണ്ട്, എന്നാൽ അക്ഷരമാല ക്രമത്തിലല്ല. ഓർമ്മിക്കേണ്ടതിനുവേണ്ടി ഉള്ളതാണ് പലപ്പോഴും ഗൂഢാലങ്കാരശ്ലോക രീതി. അക്ഷരമാല ക്രമം ഓരോ വരിയും ഓർമ്മിക്കുവാൻ ആളുകളെ സഹായിക്കുന്നതാണ്.

അസാധാരണ തലവാചകം. പുസ്തകത്തിന്റെ ആരംഭത്തിലെ എബ്രായ തലവാചകം ഏഖാ എന്നും അർത്ഥം "എങ്ങനെ!" എന്നുമാണ്, അത് 1:1ലെ ആദ്യ വാക്കിൽ നിന്നും എടുത്തതാണ് (കൂടാതെ 2:1ലും 4:1ലുമുണ്ട്). യെഹൂദ പാരമ്പര്യത്തിൽനിന്നും പുസ്തകത്തിലെ വിഷയത്തിൽനിന്നും വന്നുവെന്നു സൂചിപ്പിക്കുന്നതാണ് കിനോട്ട്, അർത്ഥം "വിലാപങ്ങൾ."

സർവ്വദേശീയ പ്രസക്തത. ഇന്നത്തെ ബൈബിൾ വിദ്യാർത്ഥികൾക്ക്, ഈ പുസ്തകം കുറച്ചുമാത്രം അറിയപ്പെടുന്നതും അതിലെ സന്ദേശം അപ്രസക്തമായും തോന്നിയേക്കാം. എങ്ങനെയായാലും, എബ്രായസമൂഹം ഇത് മനഃപ്പാഠമാക്കിയിരുന്നു! ഇന്നും യഹൂദന്മാർ ആബ് മാസം ഒമ്പതാം ദിവസം അത് ഉരുവിടുകയോ ഉറക്കെ വായിക്കുകയോ ചെയ്യും. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച് പറയപ്പെടുന്നത്, ആ ദിവസമായിരുന്നു (ബി.സി. 586-ൽ) യെരുശലേമും ദൈവാലയവും നശിപ്പിച്ചത്.



ആവർത്തിച്ചാവർത്തിച്ച് ദൈവത്തിൽനിന്നു പുറംതിരിഞ്ഞു നിൽക്കുന്ന ഒരു ദേശത്തിന് എന്തു സംഭവിക്കുമെന്ന ഏറ്റവും നല്ല വിവരണമാണ് വിലാപങ്ങളുടെ പുസ്തകങ്ങൾ നൽകുന്നത്. എല്ലാ കാലങ്ങളിലും ആളുകൾ ഈ പുസ്തകം വായിക്കുകയും ഓർമ്മിക്കുകയും ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തോട് നിർവ്വികാരമായി അശ്രദ്ധജീവിതം നയിക്കുന്നവർ ഉണരേണ്ടതിനുള്ള ഒരു വിളിയാണിത്. ബാബേൽ രാജാവായിരുന്ന നെബുഖദ്നേസർ യെരുശലേമിലേക്ക് വരികയും, അവർ യെഹോയാക്കിമിനെ കീഴിലുള്ള രാജാവാക്കുകയും ചെയ്തു. മൂന്നു വർഷം കഴിഞ്ഞപ്പോൾ, യെഹോയാക്കിം നെബുഖദ്നേസറിനോട് മൽസരിച്ചു. ബാബേൽ സൈന്യം വന്ന് യെരുശലേമിനെ വളഞ്ഞ് യെഹോയാക്കിമിനെ പ്രവാസിയാക്കി കൊണ്ടുപോയി. അവന്റെ മകൻ യെഹോയാഖീൻ അപ്പനുപകരം രാജാവായെങ്കിലും അവനു മൂന്നുമാസവും പത്തുദിവസവും മാത്രമെ ഭരിക്കുവാനായുള്ളു. നെബുഖെദ്നേസർ അവനെയും പ്രവാസിയാക്കി കൊണ്ടുപോയി, പിന്നെ സിദെക്കിയാവിനെ യെരുശലേമിന്റെ രാജാവാക്കി (2 ദിന. 36:8-10).

സിംഹാസനാരൂഢനായപ്പോൾ, സിദെക്കിയാവിന് ഇരുപത്തിയൊന്നു വയസുണ്ടായിരുന്നു, അവന്റെ അപ്പനോടുണ്ടായിരുന്ന വിരോധം യിരെമ്യാവിനോടുണ്ടായിരുന്നില്ല. എങ്ങനെയായാലും, പ്രഭുക്കന്മാരും, പുരോഹിതന്മാരും, മറ്റു പ്രവാചകന്മാരും എപ്പോഴും ശത്രുക്കളായിത്തന്നെ തുടർന്നു. അവരെല്ലാം, മിസ്രയിം തങ്ങളുടെ സഹായത്തിനെത്തുമെന്ന് കരുതി, നെബുഖെദ്നേസറിനെതിരായി തുടർച്ചയായി ഗൂഢാലോചന നടത്തി. ദൈവം യഹൂദയെ ശിക്ഷിക്കുവാനുദ്ദേശിക്കുന്നതുകൊണ്ട് മിസ്രയിമിന്റെ സഹായം തേടരുതെന്ന് യിരെമ്യാവ് അവരോട് പറഞ്ഞതുകൊണ്ട്, യിരെമ്യാവ് ശത്രുവിന്റെ വശത്താണെന്ന് ജനം ധരിച്ചു.

ഒരു ദിവസം, യിരെമ്യാവിന് സ്വദേശത്ത് തന്റെ ജനത്തിനിടയിലുണ്ടായിരുന്ന അവകാശപ്പെട്ട സ്ഥലം കൈവശപ്പെടുത്തേണ്ടതിനു പോകുമ്പോൾ, യെഹൂദ്യ സൈന്യത്തിന്റെ ഒരു കാവൽ ഭടൻ അവനെ കാണുകയും, കൽദയരെ കുറ്റപ്പെടുത്തുന്നവനെന്ന് ആരോപിച്ച് അവനെ പിടിച്ച് കൽത്തുറുങ്കിൽ അടക്കുകയും ചെയ്തു, അങ്ങനെ അവന് ഏറെ നാളുകൾ അവിടെ കഴിയേണ്ടിയും വന്നു (യിരെ. 37:11-16).

യിരെമ്യാവിനെ സിദെക്കിയാവിന് അത്ര ഇഷ്ടമല്ലായിരുന്നെങ്കിലും യഹോവയുടെ അരുളപ്പാട് യിരെമ്യാവിൽനിന്നു കേൾപ്പാൻ അവൻ ആഗ്രഹിച്ചു. അതുകൊണ്ട് അവനെ തടവിൽനിന്നു പുറത്തുകൊണ്ടുവന്ന് കാവൽക്കാരന്റെ പ്രാകാരത്തിലാക്കി (യിരെ. 37:17-21). അവസാനം ബാബേൽ യഹൂദ്യയുടെ മൽസരത്തെ ഒതുക്കി. തങ്ങൾക്ക് ലഭിക്കുന്നതിൽ ആളുകൾ കീഴ്പ്പെട്ടിരിക്കണമെന്ന് യിരെമ്യാവ് അവരോട് നിർബന്ധിച്ച് പറഞ്ഞുകൊണ്ടിരുന്നു. ദൈവത്തിൽനിന്നും യോഗ്യമായ ശിക്ഷയാണ് അവർ അനുഭവിക്കുന്നതെന്നായിരുന്നു പ്രവാചകന്റെ സന്ദേശം. പ്രമാണിമാരിൽ ചിലർ അവന്റെ സന്ദേശം നിരുൽസാഹപ്പെടുത്തുന്നതും ഉപദ്രവകരവുമാണെന്ന് പറഞ്ഞ് പ്രവാചകനെ മരണത്തിന് ഏല്പിക്കുവാൻ ആഗ്രഹിച്ചു. ആഴത്തിൽ ചെളിയുള്ള ഒരു തൊട്ടിയിൽ കാൽ ചെളിയിൽ പൂണ്ടിറങ്ങത്തക്കവണ്ണം അവർ അവനെ കയർ കെട്ടിയിറക്കി (യിരെ. 38:1-6).

കൂശ്യനായ ഏബേദ്-മേലെക്ക് എന്ന ഷണ്ഡൻ യിരെമ്യാവ് കുഴിയിൽ കിടക്കുന്നതറിഞ്ഞ് അവനോട് മനസലിവുണ്ടായി അവൻ രാജാവിൽ പ്രേരണചെലുത്തി അവനെ അവിടെ നിന്നു കയറ്റി വീണ്ടും കാവൽക്കാരന്റെ പ്രാകാരത്തിലാക്കി. പട്ടണം പിടിച്ചെടുക്കുന്നതുവരെ അവൻ അവിടെത്തന്നെ കഴിഞ്ഞു (യിരെ. 38:7-13).

ദൈവജനവും അവരുടെ പട്ടണവും നശിക്കുന്നത് കാണുവാൻ യിരെമ്യാവ് ആഗ്രഹിച്ചിരുന്നില്ല. യിരെമ്യാവിനെ കുറിച്ച് പൊതുജനവികാരം അങ്ങനെയായിരുന്നെങ്കിലും, അവൻ യഹൂദാ ജനത്തെയും അവരുടെ പട്ടണത്തെയും സ്നേഹിച്ചിരുന്നു. വരുവാനിരുന്ന നാശത്തെ മുന്നറിയിക്കുമ്പോൾ അവന് ഒരു സന്തോഷവുമുണ്ടായിരുന്നില്ല. തന്റെ നാല്പതു വർഷത്തെ പ്രസംഗ കാലയളവിൽ അവൻ പല തവണ കരഞ്ഞിട്ടുണ്ട്. ആളുകൾ ദൈവം പറയുന്നതു കേൾക്കാതിരുന്നതുകൊണ്ട്, അത്യാപത്തു വരുമെന്ന് അവന് അറിയാമായിരുന്നു.

യെരുശലേമിന്റെ വീഴ്ചയെ കുറിച്ച് 2 രാജാ. 25ലും, 2 ദിന. 36ലും, യിരെ. 39ലും പറയുന്നുണ്ട്. യെരുശലേമിനെ വളയുവാൻ, നെബുഖെദ്നേസർ തന്റെ സൈന്യത്തെ യെരുശലേമിലേക്ക് കൊണ്ടുവന്നു. ആർക്കും പട്ടണത്തിലേക്ക് പ്രവേശിപ്പാനോ, പട്ടണം വിട്ടുപോകുവാനോ കഴിഞ്ഞില്ല. പട്ടണത്തിനുള്ളിലെ ആഹാരമെല്ലാം തീർന്നപ്പോൾ, യഹൂദാസൈന്യവും, സിദെക്കിയാ രാജാവും രാത്രിയിൽ മതിൽ  തുരന്നു രക്ഷപ്പെടുവാൻ ശ്രമിച്ചു. നെബൂഖദ്നേസറിന്റെ സൈന്യം അവരെ പിൻചെല്ലുകയും, യെരീഹോ സമതലത്തിൽവെച്ച് സിദെക്കിയാവിനെ മറികടന്ന്, സിദെക്കിയാവിന്റെ സൈന്യത്തെ ചിതറിച്ച് സിദെക്കിയാരാജാവിനേയും, അവന്റെ മക്കളേയും, മറ്റു പ്രവാസികളേയും രിബ്ലയിൽ, നെബൂഖെദ്നേസറിന്റെ അടുക്കലെത്തിച്ചു, അവിടെ അവരുടെ വിധി പ്രസ്താവിക്കുകയും ചെയ്തു. തന്റെ മക്കളെ കൊല്ലുന്നതു കാണുവാൻ രാജാവിനെ നിർബന്ധിച്ചു; പിന്നെ അവന്റെ രണ്ടു കണ്ണുകളും തുരന്നെടുത്തു. അവനെ താമ്രം കൊണ്ടുള്ള ചങ്ങലയാൽ ബന്ധിച്ച് ബാബേലിലേക്ക് കൊണ്ടുപോയി.

പിന്നീട്, നെബൂഖെദ്നേസറിന്റെ സൈന്യാധിപൻ യെരുശലേമിലേക്ക് മടങ്ങിവന്ന് എല്ലാം നശിപ്പിക്കയും ചെയ്തു. അവൻ യെരുശലേം ദൈവാലയത്തിലുണ്ടായിരുന്ന വിലയേറിയവയെല്ലാം എടുത്ത് ബാബേലിലേക്ക് കൊണ്ടുപോയി. അതിന്റെ ഘടനകളെല്ലാം ഭാഗം ഭാഗമാക്കി ഒരു കൽകൂമ്പാരമാക്കി മാറ്റി. യെരുശലേമിലെ രാജധാനിയും, ഉദ്യോഗസ്ഥരുടെ ഭവനങ്ങളും ദൈവാലയവുമെല്ലാമടക്കം കത്തുന്നതെല്ലാം തീക്കിരയാക്കി. അവൻ മതിലുകളെല്ലാം ഇടിച്ചുകളഞ്ഞ്, ആളുകളെയെല്ലാം പിടിച്ച് അടിമകളാക്കി ബാബേലിലേക്ക് കൊണ്ടുപോയി. ഭൂമിയിലും തോട്ടങ്ങളിലും ജോലിചെയ്യുന്നതിന് സാധുക്കളായ ചിലരെ മാത്രം അവിടെ വിട്ടിട്ടു പോയി.

ഒരിക്കൽ, യെരുശലേമിന്റെ അഭിമാന രത്നമായിരുന്ന യഹൂദാ, ഒരിക്കൽ ഇഷ്ടപ്പെട്ടിരുന്നതും അവരുടെ ദേവന്മാരെ ബഹുമാനിച്ചിരുന്ന അതേ ആളുകൾ ഇപ്പോൾ അവർക്ക് ശത്രുക്കളായി മാറി. ഒരിക്കൽ വ്യാപാരസമുച്ചയമായിരുന്നതും മതപരമായ കേന്ദ്രമായിരുന്നതുമായ യഹൂദ്യ, ഒരു ചാമ്പൽകൂമ്പാരമായി കിടക്കുന്നു. ഒരിക്കലും സംഭവിക്കുകയില്ല എന്ന് ആളുകൾ വിചാരിച്ചതുതന്നെ സംഭവിച്ചു.

യെരുശലേമിനെ പിടിച്ചടക്കിയശേഷം, ബാബേൽ യിരെമ്യാവിനെ തടവിൽനിന്നു മോചിപ്പിക്കയും അവനെ ബഹുമാനിക്കയും ചെയ്തു (യിരെമ്യാവ് 39:11-14). അവരുടെ ഗവൺമെന്റിനനുകൂലമായിട്ടായിരുന്നു അവൻ സംസാരിച്ചിരുന്നതെന്ന് അവർക്ക് അറിയാമായിരുന്നു. അവന്റെ സ്വദേശമായ യെരുശലേമോ അതോ ബാബേലോ ഏതു വേണമെങ്കിലും തിരഞ്ഞെടുത്തുകൊൾവാൻ അവർ അവനെ അനുവദിച്ചു (യിരെ. 40:4,5). തന്റെ സ്വദേശത്ത് താമസിക്കുന്നതാണ് അവൻ തിരഞ്ഞെടുത്ത്.

നാശത്തിന് ശേഷം, ദൈവം യിരെമ്യാവിനോട് കണ്ടതും അവന് എന്തു തോന്നിയെന്നതും എഴുതുവാൻ ആവശ്യപ്പെട്ടു. പുസ്തകം എഴുതിയത് ദൃക്സാക്ഷിയാണെന്ന് വിലാപങ്ങളുടെ പുസ്തകമുടനീളമുള്ള തെളിവുകൾ വ്യക്തമാക്കുന്നു. നാശം സംഭവിച്ച് മണിക്കൂറുകൾക്ക് ശേഷം ഒരുപക്ഷെ യിരെമ്യാവ് നാശാവശിഷ്ടങ്ങൾക്കിടയിൽകൂടെ നടന്ന് പോയിരിക്കാം. താൻ ജനിച്ചുവളർന്നതും ഇഷ്ടപ്പെട്ടതുമായ പട്ടണം ഇടിഞ്ഞുപൊളിഞ്ഞ് കൽകൂമ്പാരമായി കിടക്കുന്നതും, മൃതശരീരങ്ങൾ അവിടവിടെ കിടക്കുന്നതും കണ്ട്, യിരെമ്യാവിന്റെ കണ്ണിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകിക്കാണും.

അവിശ്വാസത്തിന്റെ അനന്തരഫലമായ വേദനപൂണ്ട അവസ്ഥ അവന്റെ വികാരങ്ങൾ നിസഹായതയും പ്രത്യാശാരാഹിത്യവും പ്രകടമാക്കുന്നതായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിന് ഒരു ദേശത്തെ അനുവദിച്ചതായിരുന്നു യഹൂദ്യ അനുഭവിച്ച ദുർഘടാവസ്ഥ. ആവശ്യമുള്ള സമയത്ത് അവരെ സഹായിക്കുവാൻ വ്യാജദേവന്മാർക്ക് കഴിയുകയില്ല എന്ന പാഠം വേദനയോടെ അവർ മനസിലാക്കി.

സംഭവിക്കുവാൻ പോകുന്നത് വളരെ വേദനയോടെ യിരെമ്യാവ് ജനത്തോട് അറിയിച്ചുവെങ്കിലും, ജനം അത് കേൾക്കുവാൻ തയ്യാറായില്ല. അത് സംഭവിക്കരുത് എന്നാണ് അവൻ ആഗ്രഹിച്ചത്. അവർ ദൈവം പറഞ്ഞത് കേൾക്കുവാൻ തയ്യാറാകാതെ മിസ്രയിമിലും മറ്റു ദേശങ്ങളിലും ആശ്രയിച്ചിരുന്നതുകൊണ്ടാണ്, നാശം സംഭവിച്ചത്. യഹോവ മാത്രമേ ഏകസത്യദൈവമായിട്ടുള്ളു എന്ന് വിശ്വസിക്കുവാൻ അവർ പരാജയപ്പെട്ടതുകൊണ്ടുകൂടെയാണ്, നാശം സംഭവിച്ചത്. വിലാപങ്ങളുടെ പുസ്തകം ഒരു കരച്ചിലിന്റെ പുസ്തകമാണ്, അത് യേശു ലോകത്തിൽ വന്ന് ജനിക്കുന്നതിന് 585 വർഷങ്ങൾക്ക് മുൻപ് യെരുശലേമിനും യഹൂദ്യക്കും സംഭവിച്ച അത്യാപത്തിന്റെ ചരമഗീതമാണ്.

യിരെമ്യാവിന്റെ വാക്കുകൾ കേൾക്കുക: " അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർനിമിത്തം, രാവും പകലും കരയേണ്ടതിന്, എന്റെ  തല വെള്ളവും, എന്റെ കണ്ണ് കണ്ണുനീരുറവയും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു. അയ്യോ, എന്റെ ജനത്തെ വിട്ടുപൊയ്ക്കളയേണ്ടതിന്, മരുഭൂമിയിൽ വഴിയാത്രക്കാർക്കുള്ള ഒരു സത്രം എനിക്ക് കിട്ടിയെങ്കിൽ കൊള്ളായിരുന്നു. അവരെല്ലാവരും വ്യഭിചാരികളും ദ്രോഹികളുടെ കൂട്ടവുമല്ലോ (യിരെ. 9:1,2).

This is the Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st June 2014
Posted on 15th June 2014
Posted at R.M.S. Kayamkulam



## കത്തിയ്ക്കാൻ മറന്നു

വർഗ്ഗീസ് ഒരു റെയിൽവേ ഗേറ്റ്മാനാണ്. അന്ന് അയാൾക്ക് നൈറ്റ് ഡ്യൂട്ടിയായിരുന്നു. രാത്രി ഒരു മണിക്ക് അതുവഴി കടന്നുപോകേണ്ട ട്രെയിൻ കുതിച്ചു പാഞ്ഞു വരുന്നു. പെട്ടെന്നാണ് വർഗ്ഗീസ് അത് ശ്രദ്ധിച്ചത്. റെയിൽ ക്രോസ് ചെയ്തു കിടക്കുന്ന വഴിയിലൂടെ ഒരു ബൈക്ക് വളരെ വേഗത്തിൽ ഗേറ്റിനോടടുക്കുന്നു. ഗേറ്റടച്ചിട്ടുമില്ല. ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ അയാൾ പകച്ചു. എങ്കിലും വളരെ പണിപ്പെട്ട്, വെപ്രാളത്തോടെ അയാൾ അപകടസൂചന നൽകുന്ന വിളക്ക് ഉയർത്തികാണിച്ചു. പക്ഷേ പ്രയോജനമുണ്ടായില്ല. ബൈക്കും ട്രെയിനും കൂട്ടിയിടിച്ചു. ബൈക്കിൽ യാത്ര ചെയ്തിരുന്ന രണ്ടുപേർ ദൂരെ തെറിച്ചു വീണു, രക്തത്തിൽ കുളിച്ചു ഞരങ്ങിയും മൂളിയും കിടന്നു. വർഗ്ഗീസ് വിളിച്ചു കൂവി ആളുകളെ കൂട്ടി അവരെ ആശുപത്രിയിൽ എത്തിക്കാൻ ഏർപ്പാട് ചെയ്തെങ്കിലും ആ ചെറുപ്പക്കാരുടെ ജീവൻ രക്ഷിക്കാനായില്ല.

ഈ സംഭവത്തെ തുടർന്ന് വർഗ്ഗീസിന്റെ അനാസ്ഥ മൂലമാണ് അപകടമുണ്ടായത് എന്നാരോപിച്ച് അയാൾക്കെതിരെ കേസ് ഫയൽ ചെയ്യപ്പെട്ടു. കേസിന്റെ വിസ്താര വേളയിൽ വർഗ്ഗീസ് തന്റെ നിരപരാധിത്വം കോടതിയെ ബോധിപ്പിച്ചു. അപായ സിഗ്നൽ നൽകുന്ന വിളക്ക് ഞാൻ ഉയർത്തി പിടിച്ചു. എന്റെ ഡ്യൂട്ടി സമയത്ത് അതിലപ്പുറം ഒന്നും എനിക്ക് ചെയ്യാൻ കഴിയില്ലായിരുന്നു. കോടതി അയാളെ വെറുതെ വിട്ടു. കോടതിയിൽ നിന്നും പുറത്തുവന്ന വർഗ്ഗീസിനോട് കൂട്ടുകാർ ചോദിച്ചു. നീ ശരിക്കും വിളക്ക് ഉയർത്തി പിടിച്ചിരുന്നോ...? ഉവ്വ്, പക്ഷേ എനിക്ക് ഒരു അബദ്ധം പറ്റി വിളക്ക് കത്തിക്കാൻ ഞാൻ മറന്നു പോയിരുന്നു. വിളക്ക് കത്തിച്ചിരുന്നോ എന്ന് ചോദിച്ചിരുന്നെങ്കിൽ ഞാൻ പിടിക്കപ്പെടുമായിരുന്നു... അയാളുടെ കൂട്ടുകാർ സ്തബ്ദരായി നിന്നു.

ഇനി നമ്മുടെ കാര്യം....! ഒന്നു ചിന്തിച്ചു നോക്കൂ. ക്രിസ്ത്യാനികൾ ലോകത്തിന്റെ വെളിച്ചമാണെന്ന് യേശു പറഞ്ഞു. വിളക്കായ നമ്മിൽ യേശുവിന്റെ വെളിച്ചം പ്രകാശിക്കണം. പലപ്പോഴും നമ്മൾ സ്വയം ഉയർത്തുന്ന പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട് എങ്കിലും ക്രിസ്തു എന്ന വെളിച്ചത്തെ ലോകം കാണുന്നില്ല. യേശു പറഞ്ഞു, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:14,16).

## ഉച്ചഭാഷിണി വച്ചുള്ള ഉപവാസം



മത്തായി 6:1-18ൽ നമ്മുടെ ദാനങ്ങൾ, പ്രാർത്ഥന, ഉപവാസം ഇവ ദൈവത്തിന്റെ മുമ്പാകെ മാത്രമായിരിക്കുവാൻ നാം പരിശീലിക്കേണ്ടതുണ്ടെന്നു യേശു പറയുന്നു. ഉപവാസത്തെക്കുറിച്ചു നമുക്കു ചിന്തിക്കാം. നമ്മുടെ നാട്ടിൽ ഉപവസിക്കുന്ന എല്ലാ ക്രിസ്ത്യാനികളും അതേക്കുറിച്ചു വാതോരാതെ സംസാരിക്കുന്നവരാണ്. എന്നാൽ യേശു ഉപവാസത്തെക്കുറിച്ചു നൽകിയ-'നിങ്ങൾ ഉപവസിക്കുമ്പോൾ രഹസ്യത്തിൽ ആയിരിക്കണം' എന്ന കൽപ്പനയെ അവർ ലംഘിക്കുന്നു. ദൈവം ആദാമിന് ഒരു കൽപ്പനയേ നൽകിയിരുന്നുള്ളു. അതു മാത്രമേ ആദാം ലംഘിച്ചും ഉള്ളു. കുട്ടികൾക്ക് ഒരു കൽപന മാത്രമേ നൽകുന്നുള്ളു. നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുക. അതു മാത്രമേ അവർ ലംഘിക്കുന്നുമുള്ളു. അതുപോലെതന്നെയാണ് ഉപവസിക്കുന്നവരും. എന്നാൽ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ദാനം ചെയ്യുകയും അത് ആരോടും പറയാതിരിക്കുകയും ചെയ്യുന്ന ഒരു തലമുറയെ നാം വാർത്തെടുക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ മാനം ഇതിലൊക്കെ ആഗ്രഹിക്കുന്ന ദുർമ്മോഹം ഗൂഢമായി നമ്മുടെ ഉള്ളിൽ ഇരിക്കുന്നുണ്ട്. അതുകൊണ്ടാണ് നാം ഇതൊക്കെ പുറത്തുപറയുന്നത്. എന്നാൽ സ്വർഗത്തിൽ നമുക്കുള്ള പ്രതിഫലം അതോടെ നഷ്ടമാകുമെന്ന് കർത്താവു നമ്മെ ഓർമ്മിപ്പിക്കുന്നു.

മരണവീടുകളിൽ വന്നു കൂലിക്കു മാറത്തടിച്ചു കരയുന്ന വിലാപസംഘങ്ങൾ ഉണ്ടായിരുന്നു. ഇക്കൂട്ടരെയാണ് യായിറോസിന്റെ വീട്ടിൽ നിന്നും യേശു പുറത്താക്കിയത്. കൂലിത്തർക്കമുണ്ടായാൽ വിലാപം വർദ്ധിപ്പിച്ചേ അവർ പോകയുള്ളു. ആത്മാർത്ഥതയില്ലാത്ത കരച്ചിൽ. ഇരുമ്പുലക്ക വിഴുങ്ങിയിട്ട് ചുക്ക് കഷായം കുടിക്കുന്നതു പോലെ മാരകമായ കൊടുംചതിവുകൾ ചെയ്തു കൂട്ടിയിട്ട് മനുഷ്യർക്കു മുമ്പിലിരുന്നു ഭക്തി നടിക്കുക, കൃത്രിമമായി വാടിയ മുഖം അഭിനയിക്കുക, ഇതൊക്കെ കപടഭക്തിക്കാരുടെ മുഖമുദ്രകളായിരുന്നു. ഉള്ളിലെ ഭക്തിയാണ് യഥാർത്ഥ ഭക്തി. അതു സ്ഥാപിച്ചെടുക്കാൻ അല്പം ചെലവുണ്ട്. ബാഹ്യഭക്തിക്കു ചെലവ് കുറവാണ്. പത്രോസ് ശ്ലീഹാ പറയുന്നത് പുറമേയുള്ളതല്ല, ഹൃദയത്തിലെ ഗൂഢമനുഷ്യൻ. അവനാണ് അലംകൃതനാകേണ്ടത്. അകവും പുറവും എന്നുള്ള ഈ രണ്ടു തലങ്ങളിലെ അനുഭവ വൈചിത്ര്യങ്ങളെ അപഗ്രഥിച്ച് നമുക്ക് തെറ്റും ശരിയും കണ്ടെത്താം. അകത്ത് നന്മയില്ലാതെ പുറത്ത് ഭാവിക്കുന്നതാണ് കാപട്യം. അതുതന്നെ പൈശാചികവും.







☺ വിശ്വാസികൾ തങ്ങളുടെ അദ്ധ്വാനഫലം എന്തിനുവേണ്ടി നീക്കിവയ്ക്കുന്നു.

*മോനി സാം, ചെറുവയ്ക്കൽ, കൊല്ലം.*

**☹ തീറ്റയ്ക്കും ചികിത്സയ്ക്കും ശേഷിച്ചത് ഭക്തിയ്ക്കും.**

☺ രാഷ്ട്രീയപാർട്ടികളെപ്പോലെ നമുക്കും വേണ്ടെ ഒരു രക്ഷാമാർച്ച്.

*സാജൻ തോമസ്, കോട്ടവാതുക്കൽ, പാമ്പാടി.*

**☹ ഇവിടെ കള്ളന്മാർക്ക് രക്ഷയും പാവങ്ങൾക്ക് ശിക്ഷയുമേ പറഞ്ഞിട്ടുള്ളു.**

☺ പ്രവർത്തിക്കാൻ ഒന്നുമില്ലാതിരിക്കുകയും സ്നേഹിയ്ക്കാൻ ആരുമില്ലാതിരിക്കുകയും ആശിയ്ക്കാനും വിശ്വസിക്കാനും ഒന്നുമില്ലാതെവരികയും ചെയ്യുമ്പോൾ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ എന്തു ചെയ്യണം.

*എബി ടി മാമ്മൻ, മുരുതുംമൂട്, കരിമ്പ.*

**☹ തട്ടിപ്പുകളുടെ അകമ്പടിയോടെ ന്യൂജനറേഷൻ സഭ തട്ടിക്കൂട്ടുക.**

☺ കൃപാവരക്കാരും ന്യൂജനറേഷൻകാരും അനുഗ്രഹക്കാരും തമ്മിൽ വല്ല ബന്ധവുമുണ്ടോ.

*ജോയമ്മ കുരുവിള, മുണ്ടാനിയ്ക്കൽ, മണക്കാട്.*

**☹ മൂന്നുപേരും മാമോൻ പോപ്പിന്റെ അധികാരപരിധിയിൻ കീഴിൽ വരും.**

☺ തന്റെ ജീവിതം ദൈവത്തിനായുള്ള ഡെഡിക്കേഷൻ ആണെന്ന് ഒരു നേതാവ്.

*ബ്ലസി സൈമൺ, കണ്ണമൂല, തിരുവനന്തപുരം.*

**☹ കാണ്ടാമൃഗം ഡെഡിക്കേഷനുമായി ഇറങ്ങിയാൽ ദൈവം എന്തു ചെയ്യും.**

☺ കൊച്ചുകുട്ടികളെ പ്രസംഗം കാണാതെ പഠിപ്പിച്ച് സ്റ്റേജ് പ്രോഗ്രാമുകളിലൂടെ ചൂഷണം ചെയ്യുന്ന മാതാപിതാക്കളെയും പാസ്റ്റർമാരെയുംകുറിച്ച്.

*ജോസ് ദാനിയേൽ, പൊട്ടങ്കുളം, അടിമാലി.*

**☹ പിച്ചവെച്ചു കഴിഞ്ഞില്ല ബാല്ല്യത്തെ; പിച്ചതെണ്ടാനയയ്ക്കുന്നു ദുർവ്വിധി.**

☺ ആദ്യം കണ്ടപ്പോൾ ആരാധന പിന്നെ ബഹുമാനം. കൂടെ കൂടിയപ്പോൾ ഒന്നും തോന്നുന്നില്ല. എന്ത്?

*എബി ഏബ്രഹാം, മൂമൂട്, ചങ്ങനാശ്ശേരി*

**☹ ന്യൂജനറേഷൻ തട്ടിപ്പ്. പുറം തോടേയുള്ളു. കാമ്പില്ല.**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally